


032 :1M58:13
J8



MUL
221914

# രുഗ്മിണീസ്വയംവരം

(വഞ്ചിപ്പാട്ട്)

ഗ്രന്ഥകർത്താവ്

ഒറവങ്കര നീലകണ്ഠൻനമ്പൂതിരി (രാജ)

UNIVERSITY LIBRARY
-3 JUL 1969
MADRAS

NATIONAL BOOK S
SPCS
LTD.

---

പ്രസാധകന്മാർ
ഭാരതവിലാസം പ്രസ്സ് ആൻറ് ബുക്ക് ഡിപ്പോ,
തൃശ്ശിവപേരൂർ.

87നയാ പൈസാ

# RUGMINI SWAYMVARAM

By

ORAVANKARAH NEELAKANDHAN NAMBOODIRI (Raja)

221914

O32:1M58:13

J8

1886-

Publishers

Baratha Vilasam Press & Book Depot,

TRICHUR.

87nP.

2nd impression

CoPies 1000, 25th March 1958.

(Rights Reserved)

Printed At:

Baratha Vilasam Press,

TRICHUR.

# അവതാരിക

ഒറവങ്കര നീലകണ്ഠൻനമ്പൂതിരി (രാജാ) മലയാളത്തിലെ മൺമറഞ്ഞ തലമുറയിലെ തലപ്പത്തു വിജയിച്ചിരുന്ന ഒരു വിഖ്യാതമഹാകവിയാകുന്നു. മഹാകവി എന്നു പറഞ്ഞാലും, ആ വർഗ്ഗക്കാർ, ഇന്നത്തെപ്പോലെ അന്നത്ര സുലഭമല്ലായിരുന്നതുകൊണ്ടും മഹാകവിപദത്തിന്നു ചില പ്രത്യേക അർഹതയും മററും വേണ്ടിവന്നിരുന്നതുകൊണ്ടും, സ്വയം ആ ബഹുമതി ആരും ഏറെറടുക്കുകയും ചാർത്തിക്കൊടുക്കുകയും പതിവില്ലായിരുന്നതുകൊണ്ടും ഒറവങ്കരയെ ആരും മഹാകവിപദം ചേർത്തു ബഹുമാനിച്ചു കണ്ടിട്ടില്ല. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻപോലും അദ്ദേഹത്തിൻെറ കാലത്തു മഹാകവിപദാലംകൃതനായിരുന്നില്ല. അവരൊക്കെ തന്നത്താൻ കവിയെന്നുംകൂടി പറയുവാൻ ഭയപ്പെടുകയോ സങ്കോചപ്പെടുകയോ ചെയ്തിരുന്നു. അത്രയ്ക്കുമാത്രം സമുന്നതനും സമാരാധ്യനും സുദുർല്ലഭനുമായിരുന്നു അവരുടെ അഭിപ്രായത്തിൽ കവിതന്നെയും. ആ രാജകീയയുഗത്തിൽനിന്നു രാഷ്ട്രവും സാഹിത്യവും എല്ലാം തന്നെ ജനകീയയുഗത്തിലേയ്ക്കു നിപതിക്കുകയോ നീങ്ങുകയോ ചെയ്തിരിക്കുന്ന ഇക്കാലത്തു് കവികളുടെയല്ല മഹാകവികളുടെതന്നെ മഹോത്സവങ്ങൾ സർവ്വസാധാരണമായിട്ടുണ്ടു്! അതുകൊണ്ടു ഒറവങ്കരയെ കവിയായി കാണുന്നവരുംകൂടി ഇന്നത്തെ അന്തരിക്ഷത്തിൽ അപൂർവ്വമായേയ്ക്കും. പോരാത്തതിനു്, അദ്ദേഹത്തിൻെറ പേരോടുകൂടി ഒരു "രാജാ"പദം പററിപ്പിടിച്ചുനില്ക്കുന്നുമുണ്ടു്. ഏതായാലും ഒറവങ്കരയുടെ കവിതയ്ക്കുള്ള "പഴക്കം" എന്ന ഗുണവിശേഷം ഇന്നൊരു ഗുണമാണെന്നു മാനിക്കപ്പെടുന്നില്ലെന്നു മാത്രമല്ല, അതിന്നു് ഒരു പഴഞ്ചൻെറ പുളിപ്പുപോലും ആരോപിക്കപ്പെടുന്നുമുണ്ടു് "ഒറവങ്കര കൃതികൾ" എന്നൊരു സമാഹാരഗ്രന്ഥം പ്രസിദ്ധീകൃതമായിട്ടു് കുറച്ചധികം കാലമായിട്ടുണ്ടു്. അതിൽ ഉൾപ്പെട്ടിട്ടില്ലെന്നു് അറിയുന്നതും, ഒരു മൂന്നു ദശവർഷങ്ങൾക്കു മുമ്പു് പുസ്തകരൂപത്തിൽത്തന്നെ ഭാരതവിലാസം പ്രസ്സിൽനിന്നു പുറത്തിറങ്ങിയതുമാ

ണ്ണി "രുഗ്മിണീസ്വയംവരം" വഞ്ചിപ്പാട്ട്. രുഗ്മിണിയുടെ സുപ്ര സിദ്ധമായ കഥപോലെ പ്രസ്തുതകവിതയും ഇന്നും നവോന്മേഷകാരി യായിത്തന്നെ വർത്തിക്കുന്നതായിക്കാണുന്നു. പഴയ ഭാരതവിലാസം മുദ്രാലയത്തിൽനിന്നുതന്നെ അതിതാ വീണ്ടും പുറത്തുവന്നിരിക്കുന്നു. അതിനെ വിസ്മരിക്കപ്പെട്ടവാൻ വിട്ടുകൊടുക്കാതെ വീണ്ടെടുത്തു വീണ്ടും പ്രസിദ്ധപ്പെടുത്തിയ ശ്രീ മാളിയമ്മാവു ലോനയുടെ ഔ ചിത്യത്തെ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നവർ ഇക്കാലത്തും വിരളമാ യിരിക്കില്ലെന്നു വിശ്വസിക്കാവുന്നതാണ്.

കാവ്യകഥ പണ്ടത്തെ രുഗ്മിണീസ്വയംവരമാണെങ്കിലും, അതു രചിക്കപ്പെട്ടിരിക്കുന്നത് ഇന്നത്തെ പ്രചുരപ്രചാരമുള്ള ദ്രാവിഡ വൃ ത്തങ്ങളിൽ കേരളീയത്വം കൂടുതൽ ഉള്ള വഞ്ചിപ്പാട്ടു വൃത്തത്തി ലാകയാൽ, ദൽഹിയിലെ തെരുവീഥികളിൽപോലും ആറന്മുള വ ള്ളംകളി നടത്തപ്പെടുന്ന ഇക്കാലത്ത്, ഈ വഞ്ചിപ്പാട്ടിനും ഒരു മ ഞ്ചപ്പുറം കിട്ടാവുന്നതാണ്. വിഷയമല്ല, പ്രതിപാദനരീതിയാ ണ് കവിത്വത്തിൻെറ സാമാന്യമായ അളവുകോലെങ്കിൽ, രുഗ്മിണീ സ്വയംവരമാണ് കഥയെങ്കിലും, ഒറവങ്കരയുടെ കയ്യിൽ, "വല്ലഭ നു പുല്ലുമായുധം" എന്ന ചൊല്ലുപോലെ ഈ കൃതി കാവ്യകലയു ടെ ഒരു പ്രദർശനമായി തീർന്നിട്ടുണ്ട്. ഭാഷാസ്വാധീനവും, അ തിൻെറ ഫലമായ അക്ലിഷ്ടപ്രാസപ്രവാഹവും, സുപ്രസിദ്ധമായ ന മ്പൂതിരി രസികത്വവും, നർമ്മബോധവും ഈ കൃതിയിൽ രൂപകാദി അലങ്കാരങ്ങളോടൊപ്പം പരിലസിക്കുന്നതായി അനുവാചകന്മാർക്കു അനുഭവപ്പെടാതിരിക്കയില്ല.

മലയാളത്തിൽ ഒരു കാലഘട്ടമുണ്ടായിരുന്നു, വഞ്ചിപ്പാട്ടുകാ ലം, എന്നു നിസ്സംശയം പറയാവുന്നതായിട്ട്. അന്നത്തെ പേരെടു ത്ത കവികളൊക്കെ കൂട്ടുചേർന്നും കൂട്ടംകൂടിയും ഒററതിരിഞ്ഞും പല വഞ്ചിപ്പാട്ടുകളും എഴുതീട്ടുണ്ട്. വള്ളത്തോൾ, കുണ്ടൂർ, ഉള്ളൂർ, ഒ ടുവ് മുതലായവരെല്ലാം ആ ഊഴത്തിൽ വഞ്ചിപ്പാട്ടുകാരായിട്ടുണ്ട്.

ആ കൂട്ടത്തിൻ ഒറവങ്കരയും ഒരു വഞ്ചിപ്പാട്ടെഴുതിയിരുന്നതാണ് രുഗ്മിണീസ്വയംവരം വഞ്ചിപ്പാട്ട്. അക്കാലത്തെ ആ വഞ്ചിപ്പാട്ടുകൾ എല്ലാം കൂട്ടിച്ചേർത്ത് ഒരു പുസ്തകമാക്കിയാൽ അതൊരു മനോഹരഗ്രന്ഥമായിരിക്കും. അവയിൽ മിക്കതും നിന്നുപോയ മാസികകളോടുകൂടി തിരോഭവിച്ചു എന്നാണ് തോന്നുന്നത്.

ഇന്നു ദ്രാവിഡവൃത്തങ്ങളോടാണ് സാർവ്വത്രികമായ സംപ്രീതിയെങ്കിലും ആ വൃത്തങ്ങളുടെ "ജീനിയസ്സ്" മനസ്സിലാക്കി—അവയുടെ സംഗീതാത്മകമായ വൃത്തഗാനലയയതിസ്വഭാവത്തെ ശരിക്കു ധരിച്ചു - കവിതയെഴുതുന്നവർ ദുർല്ലഭമാണെന്നു ഖേദിക്കേണ്ടിയിരിക്കുന്നു. മിക്കപ്പോഴും "ശക്കരകണ്ടകനിമ്നോന്നതയുതദുർഘടമായുള്ള ദുർഗ്ഗമാർഗ്ഗങ്ങളിൽക്കൂടി" നടക്കു് തല്ലുകൊണ്ട ചേരപ്പാമ്പിനെപ്പോലെ ഇഴയുന്ന തരത്തിലാണ് ദ്രാവിഡഗാനങ്ങൾ കാണപ്പെടുന്നത്. ദ്രാവിഡവൃത്തങ്ങളുടെ സൗന്ദര്യവും സുഭഗതയും ഗാനാത്മകത്വവും നിൽക്കുന്നത് വാസ്തവത്തിൽ "യതിദീക്ഷ"യിലാണെന്നുള്ള രഹസ്യംപോലും മനസ്സിലാക്കാത്ത മഹാകവികളുടെ "ഗീതകങ്ങൾ" അവരവർതന്നെ വായിച്ചാലേ "ശരിപ്പെടുകയുള്ളു" എന്നു പറയേണ്ടിയിരിക്കുന്നു! കുറക്കലും, നീട്ടലും, വിഴുങ്ങലും, കുഴങ്ങലും ഒക്കെക്കൂടിയാണ് പ്രത്യക്ഷമായ വൃത്തഭംഗങ്ങൾ കൂടി പലപ്പോഴും നിവൃത്തങ്ങളായിബ്ഭവിക്കുന്നത്. ആവക ക്ലേശങ്ങളൊന്നും കൂടാതെ കേരളത്തിലെ കേളികേട്ട വഞ്ചിപ്പാട്ടിന്റെ സുന്ദരവും സ്വാഭാവികവുമായ രൂപം ഈ ഗ്രന്ഥത്തിൽ കാണാവുന്നതാണ്. ഈ പുനഃപ്രസിദ്ധീകരണത്തെ സഹൃദയലോകം സഹർഷം സ്വാഗതം ചെയ്യാതിരിക്കയില്ല.

തൃശ്ശൂർ,

പുത്തേഴത്ത് രാമമേനോൻ.

13—3—'58

UNIVERSITY LIBRARY
30 NOV 1983
MADRAS

# രുഗ്മിണീസ്വയംബരം

വഞ്ചിപ്പാട്ട്.

കൈപിണച്ചു കാതുതൊട്ടു കാൽപിണച്ചു കുമ്പിടുന്നേൻ
ശ്രീപിനാകിസുത! നമുക്കവിഘ്നമസ്തു.
അംബോദരസംഭവനാംലംബോദര! ഭഗവാനെ!
വന്മോദമോടന്തരായമവുത്താലും മേ.
നാളികേരഹവനം ഞാൻ നാളിൽനാളിൽകഴിച്ചീടാം
കാളിതൻെറസഹോദര! കളകവിഘ്നം.
സവ്വസിദ്ധികരിയായ ഗ്ഗുവ്വനുജതെവിയ്ക്കുട്ടെ!
നിവ്വചിച്ചീടുന്നേനൊരീ ഹരിചരിതം.
നാളികസംഭവദേവൻ വേളികഴിച്ചോരുപെണ്ണും
നാളുതോറുമനുഗ്രഹമരുളിടേണം.
കഞ്ജബാണരിപുതൻെറ കുഞ്ഞുകുട്ടിപ്പരാധീനം
മഞ്ജുളത കവിതയ്ക്കു വരുത്തിടേണം.
അമ്പലപ്പുഴയിൽവാഴും തമ്പുരാനെ! നമസ്കാരം
അംഭസ്സിങ്കൽ ജയമെനിയ്ക്കരുളിയാലും.
ആറമ്മുളെകൃഷ്ണ! നിനക്കാറുപറപ്പാൽപ്പായസം
ആരംമുമ്പേ നിവേദിയ്ക്കാം ജയിപ്പിയ്ക്കമാം.
അക്കപുത്രിത്തുരുത്തുമ്മേൽ മുക്കുവത്തിപെററുണ്ടായ
സല്ക്കവിത്തലവ! തവ പാദംതൊഴുന്നേൻ.

വള്ളമേറിക്കളിയ്ക്കുന്ന പിള്ളകൾക്കു ഗാനം ചെയ്വാൻ
കൊള്ളാവുന്ന കൃതിയൊന്നു കൃതിച്ചീടുന്നേൻ.
ഭീഷ്മകനെന്നൊരു ഭൂപൻ വൈരികളാം തൃണങ്ങൾക്കു
ഗ്രീഷ്മകാലമെന്നപോലെ ഭവിച്ചു മുന്നം.
ആയവൻെറ മഹിഷിപെറ്റൈവരുണ്ടായർഭകന്മാർ
ആയതിൻെറ ശേഷമൊരു മകളുണ്ടായി.
കുണ്ഡിനമഹീശൻ തൻെറ കണ്ണിണയ്ക്കു സുധപോലെ
പുണ്യമൂർത്തിയാകുമവൾ വിളങ്ങി പാരം.
ജാതയായതനയയ്ക്കു ജാതകർമ്മം കഴിച്ചാശു
ജാതകവുമെഴുതിച്ചു ജനകൻ ഭൂപൻ.
നാമധേയം രുഗ്മിണിയെന്നാമകൾക്കു ദാനംചെയ്തു
ഭൂമിദേവന്മാർക്കുപിന്നെ ബഹുധനവും.
അന്നദാനംമകൾക്കന്നാ മന്നവേന്ദ്രൻ നടത്തിനാൻ
മന്നിലുള്ളജനങ്ങൾക്കും മതിയാവോളം.
നൂതനശ്രീവിളയുന്ന പോതമന്നു വളൎന്നിതു
ഭൂതലത്തിന്നൃതുകാലമലങ്കാരവും.
പിച്ചപിച്ചനടക്കയു'മച്ഛ'യെന്നു വിളിയ്ക്കയും
കൊച്ചുകൊച്ചുപല്ലുകാട്ടിച്ചിരിയ്ക്കുകയും.
കൊഞ്ചിക്കുഴഞ്ഞാടുകയും കിഞ്ചിൽകിഞ്ചിൽപേശുകയും
പുഞ്ചിരിയോടവളോടിക്കളിയ്ക്കുകയും.
അച്ഛനുടെ മടിയിൽചെന്നിച്ഛയോടെകേറുകയു-
മച്ഛമാകുമന്തരീയം മുഷിപ്പിയ്ക്കയും.
ഇപ്രകാരംവളരുന്ന സുപ്രസന്നമുഖിയാളെ
ക്ഷിപ്രമെഴുത്തഭ്യസിപ്പാനിരുത്തി താതൻ.

വിദ്യകളെപ്പററിച്ചോരു വിദ്യുദാംഗിയുടെ മനം
പ്രദ്യോതനൻപോലുലകമുഴുവൻ കണ്ടു.
കാതരാക്ഷീകുലത്തിന്നു കാതലായ മകളുടെ
കാതുകുത്തിയുട്ടപ്പിച്ചു കചം വളൎത്തു.
ആളിമാരൊത്തവളുടെ കേളികണ്ടു ജനങ്ങൾക്കു
നാളിൽനാളിൽ വളൎന്നിതു മനോവികാസം.
വാസരംപ്രതിതിഥികൾ ഭൂസുരന്മാർവന്നവിടെ
വാസുദേവഗുണങ്ങളെ പ്രശംസിയ്ക്കയാൽ.
ദേവകിനന്ദനനാകും ദേവനിലാക്കന്യകയ്ക്കു
ഭാവമേററംലയിച്ചിതു ദിവസംതോറം.
മന്ദംമന്ദംവളൎന്നു സുന്ദരമാം യൌവനവും
നന്ദിയോടാപാദചൂഡം തഴുകിനിന്നാൻ.
കണ്ണുചെന്നുകാതുതൊട്ടു കബരിയുംനീണ്ടു കാലിൻ-
കണ്ണുതൊട്ടു ചില്ലികൾക്കു വളവുകൂടി.
മാറിന്നുടെമട്ടുമൊന്നുമാറിവീണുഗഗനത്തിൻ
നൂറിലൊന്നായഹോമദ്ധ്യം വലിതെളിഞ്ഞു.
പൂമകളും രുഗ്മിണിയും കോമളതകൊണ്ടുപാൎത്താൽ
കാമനും കന്ദൎപ്പനുമായുള്ളതേഭേദം!
ഏവമുള്ളസുതയെക്കണ്ടേവനിവൾക്കനുരൂപൻ
ജീവനാഥനെന്നച്ഛനു വിചാരമായി.
സാരസസംഭവസുതൻ നാരദനാ നൃപൻ തൻെറ
ചാരവെ ചെന്നിറങ്ങിനാൻ നഭസ്സിൽനിന്നു്.
കുംഭിനീശനതുനേരം സംഭ്രമിച്ചു ചതുൎമ്മുഖ-
സംഭവനാസനംനൽകിയിരുത്തീടിനാൻ.

തൃപ്പാദങ്ങൾ കഴകിച്ചൊരപ്പു മുടിതന്നിലൊററ
അല്പനേരംതൊഴുതുംകൊണ്ടവിടെനിന്നാൻ.
ദേവമുനിവരൻ നരദേവനോടുചോദ്യംചെയ്തു
സാവധാനംകനിവോടുംപരാപരജ്ഞൻ.
എന്തുഭവാനുള്ളിലൊരു ചിന്തപോലെയിരിക്കുന്നു
ചന്തമോടുകഥിച്ചാലും പരസ്യമെങ്കിൽ.
എന്നുമുനിചോദിച്ചപ്പോ ളന്നുവന്നമനോരാജ്യം
നന്ദിയോടുമറിവിച്ചു നരനായകൻ.
എന്നുടെമകളാകുന്നകന്യകയാംരുഗ്മിണിയെ
മന്നിലാൎക്കുകൊടുക്കാനൊ തരംവരുന്നു.
നല്ലവരിലൊരുവന്നു നന്ദിനിയെക്കൊടുക്കാഞ്ഞാൽ
അല്ലലിന്നുവഴിവരും പലവിധവും.
ഭർത്തൃശീലദോഷംകൊണ്ടു പുത്രിതപിക്കുന്നതായാൽ
എത്രമാത്രം കൃതഘ്നത പിതാവിന്നുണ്ടാം.
ഉണ്ണികളുണ്ടെനിക്കു പിണ്ഡദാനത്തിന്നു പക്ഷെ
പുണ്യവാനെന്നിവളെക്കണ്ടറിയുന്നേൻഞാൻ.
ഇമ്മകളുണ്ടായശേഷം നന്മകളെനമുക്കുള്ള
ശർമ്മമിന്നെൻപ്രജകൾക്കും വളൎന്നീടുന്നു.
ശത്രുജയം യശോവൃദ്ധി മിത്രലാഭമിവയെല്ലാം
ചിത്തമോദംവളൎത്തുന്നു ദിവസംതോറും.
പണ്ടുള്ളതിൽ പത്തിരട്ടി കണ്ടങ്ങളിൽ വിളയുന്നു
കണ്ടുകൊൾക പുരപുഷ്ടി യദൃച്ഛയാലെ.
ഈതിയില്ലീരാജ്യത്തിങ്കൽബ് ഭീതിയുമില്ലൊരുവൎക്കും
ഭൃതിപൂണ്ടു യാചകരും ധനികരായി.

ഒന്നുമെൻെറ മഹിമാവാണെന്നെനിയ്ക്കു നിനവില്ല
നന്ദിനി പിറന്നശേഷം ഭവിയ്ക്കുകയാൽ.
ധമ്മമല്ലാതിവളുടെ കമ്മമൊന്നുംകാണുന്നില്ല
സന്മതേ! ഞാനാക്കിവളെ ക്കൊടുത്തിടേണ്ടു
എന്നുപറഞ്ഞിരിയ്ക്കുമ്പോൾ വന്നു തത്ര രുഗ്മിണിയും
വന്ദ്യനായ മഹഷിയെ നമസ്കരിപ്പാൻ.
നാരദനെ നമിച്ചവ ളാരാലമരുന്നനേരം
ഭ്രമണപ്രശ്നോത്തരമരുളിച്ചെയ്താൻ.
കുണ്ഡിനേശ! ഭവാനോളം പുണ്യവാനായിന്നു മഹീ-
മണ്ഡലത്തിലേവനുള്ളശരീരികളിൽ?
പൂവ്വജന്മം ഭവാൻചെയ്ത തപസ്സിൻെറഫലമായി
പൂവ്വദേവരിപുപത്നി മകളായ്വന്നു!
ദ്വാരകയിലിവളുടെ വരനുണ്ടുവസിയ്ക്കുന്നു
മാരകോടിസുന്ദരാംഗൻ യദുകുലേന്ദ്രൻ,
ജാതമോദമമ്പാടിയിൽ പോതമായിക്കിടക്കുമ്പോൾ
പൂതനയെക്കൊലചെയ്തു പുകഴുന്ന കൃഷ്ണൻ.
ഇന്ദ്രനിടഞ്ഞേഴുദിനംനിന്നുമഴപൊഴിച്ചപ്പോൾ
കുന്നെടുത്തു കുടയായിപ്പിടിച്ചബാലൻ,
കാണിനേരം മല്ലടിച്ചു ചാണൂരനെക്കൊലചെയ്തു
കാണികൾക്കു വിസ്മയത്തെക്കൊടുത്ത വയ്മ്പൻ,
ദുഷ്ടനായകംസനുടെ കൊട്ടാരത്തിൽചെന്നവനെ
ധൃഷ്ടതയാ വധിച്ചൊരു രിപുകൃതാന്തൻ,
അന്തകൻെറപുരത്തിൽച്ചെന്നന്തണൻെറകുമാരനെ
ചന്തമോടുകൊണ്ടുപോന്നചതുരശീലൻ,

ദക്ഷനായ ഗുരുവിന്നു ദക്ഷിണചെയ്തനുഗ്രഹം
അക്ഷീണംലഭിച്ചപോന്ന മഹാപുരുഷൻ,
മായാമൎത്ത്യൻ കൃതകൃത്യനായകൃഷ്ണൻ ജഗന്നാഥൻ,
പ്രേയാനായിവരും തവ മകൾക്കു നൂനം!!
കമ്പിട്ടുനിന്നംഘ്രികൊണ്ടു കുംഭിനിയിൽവരച്ചവൾ
ജൃംഭിച്ചുള്ള നാണത്തോടും വസിച്ചുകൊണ്ടാൾ!
എന്നാലിനിപ്പോകുന്നുഞാനെന്നുമുനിയാത്രചൊല്ലി
സുന്ദരിയെയനുഗ്രഹിച്ചുടൻമറഞ്ഞാൻ!
കോമളാംഗിയ്ക്കുതുകാലം കാമവേഗം സഹിയ്ക്കുവാൻ
ആമയമോൎത്തുവെന്നെ പറവാനുള്ളു.
കൃഷ്ണനുടെഗുണഗണം തൃഷ്ണയോടെ കേട്ടു പണ്ടേ
കൃഷ്ണസാരമിഴികാമംസഹിച്ചിരിപ്പു!
നാരദോക്തികേട്ടശേഷം മാരതാപമിരട്ടിച്ചു
നീരജാക്ഷസ്വരൂപത്തെനിനച്ചുവാണാൾ.
ആളിമാരുമൊരുമിച്ചു കേളിയില്ലാതായിതെല്ലും
ആളുകളുള്ളവിടത്തിലിരിപ്പുമില്ല.
വീണ്ടുംവീണ്ടുംനിശ്വാസങ്ങൾ നീണ്ടുവന്നുചുടുചുടെ
ആണ്ടിനോടുതുല്യമായി നിമിഷകാലം!
നാഗയാനയുടെഗണ്ഡം ജാഗരത്താൽവിളൎത്തായി
രാഗചിഹ്നമൊരുവനിൽ പ്രകാശമായി!
ഭ്രാതാവായ രുഗ്മിയന്നു താതനുടെസമീപത്തു
നീതിയോടുചെന്നുതാണു തൊഴുതുനിന്നാൻ.
മന്ത്രികളുംപൌരന്മാരുമന്തണർപലരുംകൂടി
മന്ത്രാലോചനയ്ക്കുചെന്നു നിറഞ്ഞാരപ്പോൾ.

വിപ്രന്മാരെനരനാഥൻ ക്ഷിപ്രമാസനസ്ഥരാക്കി,
 സുപ്രസന്നൻ സഭനോക്കിപ്പറഞ്ഞാനേവം.
സ്വാമിഭക്തികൊണ്ടുനിങ്ങൾ മാമകഹൃദയത്തിങ്കൽ
 ആമോദംവളൎത്തീടുന്നുണ്ടമലന്മാരേ!
അന്യരാജപ്രജകൾക്കുധന്യതയീമട്ടിലില്ല
 അന്വേഷിച്ചതറിയുന്നേനനുദിനം ഞാൻ.
നിങ്ങൾക്കെല്ലാംവഴിപോലെ മംഗളത്തെവരുത്തുവാൻ
 സംഗതിഭവിച്ചാലെ ഞാൻ കൃതാൎത്ഥനാകൂ.
താതനുംമക്കളുംപോലെനാഥനുംപ്രജകളുമായ്
 ഏതുകാൎയ്യത്തിലുംനല്ലോരിണക്കംവേണം.
ഏതൊരുവിധത്തിലുള്ള ഭൂതിനിങ്ങളിച്ഛിയ്ക്കുന്നു?
 പ്രാതികൂല്യമിനിയ്ക്കില്ല പറഞ്ഞീടുവിൻ.
പൌരുഷപയോധിയായപാരിനീശൻപറഞ്ഞപ്പോൾ
 പൌരരെല്ലാമതുകേട്ടുപരിതോഷിച്ചു.
സാവധാനമൊരുവൃദ്ധനീവിധംപറഞ്ഞുപിന്നെ
 ഭൂവലാരെ! ജയിച്ചാലുംജഗതിയിങ്കൽ.
ത്വൽപ്രജകളടിയങ്ങളപ്രമേയകുശലികൾ
 അപ്രിയമില്ലൊരുവൎക്കുംഗുണജലധെ!
എങ്കിലുമാഗ്രഹമിന്നൊന്നങ്കുരിച്ചുവളരുന്നു
 ശങ്കയുണ്ടതറിവിപ്പാനഖിലന്മാൎക്കും.
വത്സയുടെവിവാഹമാമുത്സവമനുഭവിപ്പാൻ
 ഇസ്സദസ്സിലെല്ലാവൎക്കുമതികുതുകം!
കൊച്ചുതമ്പുരാട്ടിയോടീയച്ഛനുള്ളവിയോഗത്തെ
 ഉച്ചരിപ്പാനെല്ലാവൎക്കുംമടിയുമുണ്ടു്.

എന്നുകേട്ടനൃപനോതിനന്നപാരംസമുദ്യോഗം
നന്ദസുതനേകിടേണംനമുക്കിവളെ.
അച്ഛനുടെമൊഴികേട്ടപച്ഛഭാവംനടിച്ചുടൻ
ഉച്ചരിച്ചുരുഗ്മിതാനുംസഭയിലേവം!
ആരുമില്ലാകൃഷ്ണനെന്യെപൂരുഷന്മാർപാരിലിന്നീ
ചാരുഗാത്രിരുഗ്മിണിയെകൊടുപ്പാനെന്നോ.
ശീലം രൂപം വിദ്യാ വിത്ത മാഭിജാത്യമുദാരത്വം
നാലുംരണ്ടുംഗുണംവേണംപുരുഷനായാൽ.
എന്തുകണ്ടുസന്തോഷിച്ചീജന്തുവിനുകൊടുക്കേണ്ടു
ബന്ധുരാംഗിയാകുമെൻറസഹോദരിയെ.
ദോഷവാനോഗുണവാനോദോഷനോമററാരായാലും
യോഷയുടെചരടുററച്ചിരുന്നാൽകൊള്ളാം!
ചേദിരാജൻജരാസന്ധനാദിയായബലവാന്മാർ
മേദിനിയിൽകണ്ടാൽകൊല്ലുംയദുകീടനെ.
രണ്ടുമാസത്തിന്നകത്തുകണ്ടസൂത്രഹീനയായി
കണ്ടിരിയ്ക്കാംകൃഷ്ണനേകിമകളെയെന്നാൽ!
കേശവനുകൊടുത്തീടിൽ ക്ലേശമേററംഭവിച്ചീടും
പേശലാംഗിയ്ക്കതുലേശംവിവാദമില്ല.
ചേദിരാജാധിപനെൻറസോദരിയെക്കൊടുത്തീടിൽ
മോദഹാനിഭവിയ്ക്കാതെകഴിഞ്ഞുകൂടും.
ധമ്മചാരി ധനുർവ്വേദമമ്മവേദി ബലശാലി
രമ്യമൂത്തി ശിശുപാലൻ നൃപകുമാരൻ.
ആമനുഷ്യൻതാത! തവജാമാതാവായെന്നുവന്നാൽ
ക്ഷേമമായി ഭഗിനിയ്ക്കും നമുക്കുമെന്നും!

അങ്ങിനെയുറച്ചെന്നാലെഭംഗിയാക്കുവിവാഹവും,
    മംഗലാംഗിയ്ക്കിനിമേലിലനുഭവവും!
പോരുകാണ്മാൻകൊതിയുള്ളനാരദൻപറഞ്ഞവാക്കു
    നേരുബോധിച്ചെന്നാലുണ്ടാമബദ്ധംപാരം!
അയ്മ്പിലിനിവരുന്നോരു മുമ്പിലത്തെമുഹൂർത്തത്തിൽ
    അമ്പിളിമുഖിതന്നുടെവിവാഹംവേണം.
അച്ഛനൊന്നുമറിയേണ്ടനിശ്ചലനായിരുന്നാലും
    സ്വച്ഛമാക്കാമടിയനീയടിയന്തിരം.
പട്ടണവും മന്ദിരവും കെട്ടിടങ്ങൾമറവുംനല്ല
    പട്ടുകൊണ്ടുവിതാനിച്ചുനിറമേറേണം.
ഗാനനാട്യനർത്തനാദിനാനാകലാശാലികളെ
    മാനമായിവരുത്തേണം വിനോദനാർത്ഥം.
മൃഷ്ടഭക്തിയ്ക്കിതുപോലെവട്ടമെങ്ങുംകേൾക്കരുതാ-
    മട്ടിലെല്ലാംശട്ടംകെട്ടിനടത്തിടേണം.
പെൺകൊടയ്ക്കുപതിവുള്ള മുൻകണക്കിങ്ങെടുക്കുകിൽ
    എങ്കിലിനമറിയുവാനെളുപ്പമുണ്ടാം.
കൂട്ടുവാനുംകുറപ്പാനും'നോട്ടു'പോട്ടാൽ പോരുമൊരു
    ശാട്ടുമാട്ടുമില്ലപിന്നെശ്ശരിയാക്കുവാൻ.
ബോട്ടയയ്ക്കേണ്ടവരേയും തീട്ടയയ്ക്കേണ്ടവരേയും
    നാട്ടുവൈദ്യവരരേയും വരുത്തിടേണം.
ഒന്നുപോരാഞ്ഞൊരുദോഷം വന്നുപോയാലെല്ലാവർക്കും
    എന്നുമുണ്ടാമപകീർത്തിയറിഞ്ഞിടേണം.
ലേഖകന്മാരെഴുത്തെല്ലാം ശേഖരിപ്പിൻ വസുന്ധരാ-
    ലേഖചക്രവർത്തികൾക്കുകൊടുത്തയപ്പാൻ.

മന്ത്രികളേ! നിങ്ങളെന്തു മന്ത്രിയ്ക്കുന്നുതമ്മിൽതമ്മിൽ
അന്തരായമിതിന്നേതാൻ നിനയ്ക്കുന്നുണ്ടോ?
പക്ഷപാതമേവം ഭൂമിരക്ഷകൻ പറഞ്ഞനേരം
പക്ഷമായീലതുലേശംസഭയ്ക്കെന്നാലും.
നാരദോക്തിശരിയായിത്തീരുമെന്നവിശ്വാസത്താൽ
ആരുമൊന്നുംപറഞ്ഞില്ലനൃപന്നനിഷ്ടം.
തൃപ്തിയായില്ലെന്നാകിലും കല്പനപോലെയെന്നോതി
തൽപ്പുരവാസികൾപോയി സചിവന്മാരും.
ആളുകൾപലരുംകൂടി വേലിയ്ക്കുള്ള ശ്രമങ്ങളും
നാളതോറുമാരംഭിച്ചു മടുത്തിടാതെ.
മൂപ്പിലുടെ പുരദ്വാരം കാപ്പതിന്നുള്ളവരേയും
ഏല്പിച്ചുതാൻ വഴിപോലെ യുവക്ഷ്മാധീശൻ.
കൊണ്ടൽവർണ്ണമതക്കാരായുണ്ടു ചിലനമ്പൂരിമാർ
കണ്ടുകൂടാപണ്ടുപണ്ടേ നമുക്കവരെ.
ഇയ്യുള്ളവർനീതിനോക്കിച്ചെയ്യുന്നതിലെല്ലാമവർ
അയ്യായിരംകുറവോതുംനൃപാന്തികത്തിൽ.
ആയ്യമാകുംപഠിപ്പില്ലാ കായ്യബോധമവക്കില്ലാ
സൂയ്യനമസ്കാരംകൊണ്ടു ഫലമെന്തുള്ളു?
പാത്ഥലത്തെവഴിപോലെ കാത്തിടേണ്ടുംജനകനെ
ചീത്തയാക്കുന്നതുമെല്ലാമിവരാകുന്നു!
യാദവൻെറ ഗുണങ്ങളും ചേദിപൻെറദോഷങ്ങളും
ഓതിയോതിജ്ജനകനെ ഭ്രമിപ്പിയ്ക്കുന്നു!
കാവൽനില്ക്കുംജനങ്ങളുമീവകക്കാർവരുംനേരം
കേവലമൊഴിഞ്ഞുനില്ക്കുംപുരദ്വാരത്തിൽ.

വൃദ്ധരേയുംസ്ത്രീകളേയുംബുദ്ധിവയ്യാത്തവരേയും
ഇദ്ധരിത്രീവിബുധന്മാർ വശത്താക്കുന്നു.
സത്യവാന്മാരിവരെന്നോരുത്തമവിശ്വാസംമൂലം
എത്രലോകംമൂഢരായി വസിച്ചിടുന്നു.
ഭൂസുരന്മാർവന്നാലൂഴിവാസവനോടുണർത്തേണ്ട
കൂസലേതുംനടിയ്ക്കാതെ തടുത്തുകൊൾവിൻ.
കല്പനയില്ലകത്തേയ്ക്കു വിപ്രന്മാരെവിട്ടയപ്പാൻ
ഇപ്രകാരംപറയുവിൻദ്വിജന്മാർവന്നാൽ.
ദുർജ്ജനസംഗമത്തിൻെറ വർജ്ജനത്തെച്ചെയ്യില്ലെങ്കിൽ
മജ്ജനംചെയ്തീടുമവൻ നരകത്തിങ്കൽ!
ഇപ്രകാരംരുഗ്മിയുടെവിപ്രനിന്ദകേട്ടനേരം
കല്പനതൻപ്രമാണമെന്നവരുംചൊന്നാർ!
ആലോചനത്തീൎച്ചയെല്ലാമാലോലാക്ഷി സഖീജനം
ആലപിച്ചുകേട്ടുപരവശയായേററം.
ശാസ്ത്രിയെവരുത്തി രുഗ്മി ചാൎത്തിവാങ്ങിമുഹൂൎത്തവും
ആൎത്തിയൊന്നുംകൂടിയവൾക്കധികമായി!
എന്തുവേണ്ടുദൈവമെ! ഞാൻ ഹന്ത, ഹന്ത, സഹോദരൻ
ഹന്തുകാമനായിനിന്നുവലച്ചിടുന്നു!
സ്വച്ഛമതിയായിരിയ്ക്കുമച്ഛനമീവണ്ണംതന്നെ
ഇച്ഛയായാലെന്തിനിനിപ്പൊറുക്കുന്നു ഞാൻ!
അന്തകനുകൊടുക്കാത്തതെന്തുകൊണ്ടാണിവരെന്നെ
സന്തപിയ്ക്കുന്നതുകാൺമാൻകുതുകംകൊണ്ടോ?
ഇഷ്ടനെന്നെക്കൈക്കൊണ്ടാൽകഷ്ടമില്ലായിരുന്നെല്ലൊ!
ദുഷ്ടനേകാതിരുന്നാലുംവ്യസനമില്ല!

എന്നുടെദുഷ്കമ്മംകൊണ്ടു വന്നീടുന്നഫലത്തിന്നു
അന്യനെഞ്ഞാനെന്തിനായി ദൂഷിച്ചീടുന്നു.
ഏവമോൎത്തു നിജകുലദേവതയാം പാൎവ്വതിയെ
സേവചെയ്തുതുടങ്ങിനാൾവിധിപ്രകാരം.
അച്ഛപോലെതണുത്തുള്ളപച്ചനീരിൽകുളിയ്ക്കയും
ഉച്ചയോളമമ്പലത്തിൽ വലംവയ്ക്കയും.
സ്തോത്രപാഠംനമസ്കാരം ധാത്രീധരപുത്രിതന്റെ
ഗാത്രമുള്ളമിളകാതെ മനനംചെയ്ക.
കണ്ണടച്ചുതൊഴുകയുംകണ്ണനുടെകാന്തയാകാൻ
കണ്ണടച്ചുനേരുകയും വഴിവാടുകൾ.
വേളിയുടെ തലത്തലേന്നാളിലോളമിപ്രകാരം
കാളകണ്ഠമഹിഷിയെഭജിച്ചിരുന്നാൾ.
അന്നവൾക്കുമനഃകാമ്പിൽവന്നിതൊരുഭ്രതോദയം
കുന്നിനുടെമകൾതന്നെവരുത്തിയതാം.
തോഴിയെപ്പറഞ്ഞയച്ചോൎത്തുഴിദേവനെ വരുത്തി
കേഴമിഴിചെന്നരികിൽപ്പുരുങ്ങിവാണാൾ.
ആരണേന്ദ്രനവൾക്കള്ളോരാകൃതികണ്ടുരചെയ്തു
ആരിതയ്യോ! രുഗ്മിണിയെന്നറിയാതായി.
നിന്തനുവിന്നിത്രചടപ്പെന്തുമൂലമുളവായി
അന്തകാരിപ്രിയതന്റെ ഭജനത്താലോ?
ദേഹബലമറിയാതീയാഹാരാദി പരിത്യാഗം
സാഹസമാണാരീവ്രതമുപദേശിച്ചു?
ആളിമാരന്നുരചെയ്താർ—നാളീകാക്ഷനിങ്ങുവന്നാൽ
നാളെമാറുമിവളുടെ ഭജനകാൎയ്യം.

അന്തണേന്ദ്ര! രുഗ്മിണിയ്ക്കു ചിന്തകൊണ്ടുവന്നതാണീ-
പ്പൊൻതനുവിൻചടപ്പേററം വ്രതത്താലല്ലാ
ചന്ദ്രബിംബം മന്ദവായു ചന്ദനാദികളിൽബ്ഭീതി
വന്നീടുമോ ശിവപ്രിയാഭജനത്തിങ്കൽ?
നീണ്ടനിശ്വാസങ്ങൾ വിളർപ്പാണ്ടഗണ്ഡമിവയെല്ലാം
വേണ്ട മററാഗ്രഹമെന്നു പറയുന്നില്ലേ?
മാരതാപംമറപ്പാനോ കീരവാണിഭജിയ്ക്കുന്നു?
ദ്വാരകയ്ക്കു ഭൂഷണമായിരിയ്ക്കുവാനോ?
രണ്ടായാലുമിവളുടെ കണ്ണേകാളപ്രിയാച്ഛന്നം
തണ്ടാർശരമൂലമായേ വരുന്നതുള്ളു.
കണ്ണനുടെ കഥയിലേ കണ്ണുമുള്ള രുഗ്മിണിയ്ക്ക്
നിർണ്ണയമായതു ഞങ്ങളറിയുന്നുണ്ട്.
പിച്ചകാസ്ത്രനഹോ! നല്ല വച്ഛരശാണിന്നിവളിൽ
അച്യുതനാണതിന്നുള്ള നിമിത്തംതാനും.
എന്നുപരിജനമൊഴിയന്നുകേട്ടമഹീസുരൻ
ഇന്ദുമുഖിയോടുചോദിച്ചിതുസദയം.
എന്തിവരിച്ചൊൽവതിന്നുദന്തിവരനടയാളേ!
അന്തരംഗംമറയ്ക്കാതെ പറക സത്യം!
എന്തിനായിമടിയ്ക്കുന്നു ചന്തമുള്ളമനോരഥം
സ്വന്തമാളോടുരയ്ക്കുവാനുദാരശീലേ!
നിൻപ്രിയത്തെച്ചെയ്യുതിന്നുസംപ്രതിഞാൻകൊതിയ്ക്കു-
കിംപ്രയാസംഗോവിന്ദനെവരുത്തീടുവാൻ. (ന്നേൻ
ആളിയുടെവാക്കുകേട്ടു കാളിയമർദ്ദനനോടു
വേളികഴിയ്ക്കുവാനിനിയ്ക്കുരിയാടാമോ?

കന്യതൻെറജനകനോ കന്യകയോകഥിയ്ക്കാതെ
ധന്യനഹോ, വിവാഹാൎത്ഥം വരികയില്ല!
മുക്തശങ്കമഭിപ്രായംവ്യക്തമായിപ്പറകനീ
രക്തപത്മാക്ഷനെക്കൊണ്ടുവരുന്നുണ്ടുഞാൻ.
ഇന്നുതവഗ്ഗുണഗണംനന്ദസുതൻതാനുംകേട്ടു
കന്ദബാണവശനല്ലാതിരിയ്ക്കയില്ല.
ബന്ധുവായവിപ്രനിലിന്നെന്തിനായിക്കലവറ
അന്തരംഗംതുറന്നാലുമലസനേത്രെ!
എന്നുവിപ്രമൊഴികേട്ടു സുന്ദരാംഗിദീൎഘദീൎഘം
ഒന്നുരണ്ടുനിശ്വസിച്ചുകഥിച്ചുകൊണ്ടാൾ.
കേട്ടിരിയ്ക്കുമെല്ലോഭവാൻ വേട്ടീടുവാനിന്നുമമ
വീട്ടിലുള്ളോർ നിശ്ചയിച്ച കമിതാവിനെ!
ഭ്രാതാവിൻെറരസത്തിന്നു താതനെന്നെയുപേക്ഷിച്ചു
പാതകത്തിൻകരുത്തെന്തു പറഞ്ഞീടാവൂ!
ചേച്ച്യയുള്ളജനത്തോടു ചാച്ച്യതേടുംസഹോദരൻ
പൂച്ചകൾക്കുകൊടുക്കുന്നു ശുകപ്പിടയെ!
രൂക്ഷനായശിശുപാലരാക്ഷസനോടൊരുമിച്ചു
കാൽക്ഷണംഞാൻപൊറുക്കുവാൻ മതിയാകുമോ?
ജന്മമൎമ്മവ്രണമാമീദുൎമ്മതിയോടണയുവാൻ
കൎമ്മമെന്തുപുരാചെയ്തന്നറിഞ്ഞില്ലഞാൻ!
ബന്ധുവെന്നു നടിച്ചേവം സന്തപിപ്പിയ്ക്കുവാൻമാത്രം
എന്തുപിഴചെയ്തു ഞാനീസ്സഹോദരനും!
ഇച്ചതിയ്ക്കുമാത്രമായിട്ടച്ഛനും ഞാനൊരുപിഴ
ഉച്ചരിച്ചുംചെയ്തുമോൎത്തുമറിയുന്നില്ല!

അന്തരംഗമതിമാത്രം വെന്തുരുകീടുന്നുമമ
ഹന്ത,ശിശുപാലയോഗം നിനച്ചീടുമ്പോൾ!
സജ്ജനങ്ങളല്ലാതെകണ്ടിജ്ജഗത്തിലിനിയാരും
ഇജ്ജനത്തിന്നോക്കിലൊരുസഹായമില്ല!
വന്നുകൂട്ടുംവിധിപോലെയെന്നുന്നന മെന്നാകില്ല-
മെന്നുമുണ്ടാംനരകത്തെത്തടുപ്പാൻമോഹം!
മാലിതെല്ലാംചെന്നുവനമാലിയോടൊന്നറിവിപ്പാൻ
ജോലിയില്ലെന്നാകിലൊന്നു ഗമിച്ചാൽകൊള്ളാം.
ബാലയായഞാനെന്തിതിൻമേലെയൊന്നുപറയേണ്ടു
മാലൊഴിവാൻമഹാബുദ്ധേ! കൃപചെയ്താലും!
എന്നുകേട്ടുമഹീസുരൻനന്ദിയോടുമുരചെയ്തു
ഇന്ദുമുഖിമണിയാളെ! കളകതാപം.
ചോരകയിലിന്നുതന്നെ നാരിമൌലേ! പോയീടാംഞാൻ
ആരുമൊരുസഹായവുമെനിക്കുവേണ്ട.
മിത്രദേവനിനിയുദിച്ചസ്തമിക്കുന്നതിന്നകം
അത്രകൊണ്ടുവരുവൻഞാൻ മുകിൽവർണ്ണനെ.
നാരദൻതാനരുൾചെയ്ത സാരവാക്യംനിനക്കുമ്പോൾ
ഭാരമില്ലനമുക്കേതും ക്ഷണിക്കയെന്യേ.
എങ്കിലുംഞാനങ്ങുചെന്നു നിങ്കലിന്നുസംഘടിച്ച
സങ്കടങ്ങളശേഷവുമറിയിച്ചീടാം.
എന്നുവേണ്ടനന്ദഗോപനന്ദനനെനാളെത്തന്നെ
സുന്ദരാംഗി!കൊണ്ടുപോരാമമാന്തിക്കില്ല.
ഏറവുഞാനിക്കാര്യ്യം തവക്കുറവുകാരനെല്ലോപണ്ടെ
നേറവുവാണീടുന്നേൻനിൻെറഹിതംവഹിപ്പാൻ!

സന്ദേശമിതറിവിച്ചാൽ സന്ദേഹമെന്തഹോപിന്നെ
    മന്ദേതരംനിന്നെവേൾക്കാതിരുന്നീടുമോ?
രൂക്ഷരാകുംമഹീശന്മാരീക്ഷണം ചെയ്തിരിയ്ക്കുമ്പോൾ
    രാക്ഷസമാംവിവാഹവും നടത്തും കൃഷ്ണൻ!
ഇത്രിലോകത്തിങ്കലെഴുമസ്ത്രികളെയെല്ലാമവൻ
    ദ്വിത്രിനാഡികകൊണ്ടങ്ങു ജയിപ്പാൻപോരും!
വന്നുകാണാമിനിയെന്നാലെന്നു ചൊല്ലിമഹീദേവൻ
    സന്ദേശവുംവാങ്ങിത്തൻെറകുടയെടുത്തു.
വായുനന്നായനുകൂലനായുപാന്തേസഞ്ചരിച്ചാൻ
    ആയുവാവിനുടെ ദാസ്യകരനെപ്പോലെ!
വാതസൂനുതൻെറനാമദ്വാദശകംജപിച്ചിട്ടാ
    ദ്ദൂതനങ്ങുനടകൊണ്ടാനനന്തരായം.
നല്ലനല്ലശകുനങ്ങളുല്ലാസേനമഹീസുര-
    ക്കെല്ലാമവനുടെമുമ്പിൽ പലതുംകണ്ടാൻ.
താവളങ്ങളറിയുന്നോരാവഴിയ്ക്കുപുറപ്പെട്ടു
    ദേവദേവനുടെപാദംനിനച്ചുകൊണ്ടു്.
മംഗളധ്വനികളോരോന്നങ്ങുമിങ്ങുംകേട്ടുകേട്ടു
    മങ്ങിടാതെനടകൊണ്ടു വിശിഷ്ടവിപ്രൻ.
മന്നിലങ്ങുമിങ്ങുമുള്ള മന്നവന്മാരതുകാലം
    തന്നുടെപദവിയോടുമവിടെവന്നാർ.
ദ്വീപാധിപന്മാരായുള്ള ഭൂപാലകന്മാരെയെല്ലാം
    സോപചാരംഭീഷ്മൻമാനിച്ചിരുത്തീടിനാൻ.
കാടുംപലമലകളും തോടുംപുഴകളുംപല
    നാടുംമഹാസമുദ്രവുംകടന്നുദൂതൻ.

ആൎയ്യനാകുമന്തണേന്ദ്രൻ ദ്വാരകയിൽ പിറെറദ്ദിനം
    സൂൎയ്യോദയസമയത്തിലണഞ്ഞു മോദാൽ.
യോജനസഹസ്രമുള്ള പൂജനീയപുരിതന്നിൽ
    രാജിതയായിരിയ്ക്കുന്നു കമലാദേവി.
കല്പശാഖികളെക്കാളും പുഷ്പഫലപൂരിതങ്ങൾ
    അപ്രദേശമതിലുള്ള മഹീരുഹങ്ങൾ.
വല്ലീകുലം പൂത്തുതളിൎത്തുല്ലസിച്ചു വിലസുന്നു
    പുല്ലുപോലുമവിടത്തിലതിശോഭനം.
രംഭകളിൻകുലചെന്നു കുംഭിനിയിൽ തൊട്ടീടുന്നു
    രംഭയുടെ കിടയത്രെ തരുണിമാരും.
ശാലി മാഷ നീവാരാദി സ്ഥൂലധാന്യസംപത്തിന്നു
    കാലഭേദമില്ലവററിൻ വിളവുംകേമം.
നല്ലനല്ലനദീതീരം കല്ലുകൊണ്ടു പടുത്തതിൽ
    കല്ലോലങ്ങളലച്ചുലം വിമലോദകം.
അമ്പലങ്ങളനവധി വമ്പെഴുന്ന വണിക്കുകൾ
    അമ്പെഴുന്ന വിപ്രരെഴും ബഹുഗ്രാമങ്ങൾ.
പിന്നെയോരൊ കിടങ്ങുകളുന്നതക്കോട്ടകൾനല്ല
    പൊന്നുകൊണ്ടും വിലകൂടും മണികൾകൊണ്ടും.
സ്വൎണ്ണരത്നഗോപുരങ്ങൾ മണ്ഡപങ്ങൾമതിലുകൾ
    പുണ്ഡരീകക്കുളം പല മണിസൌധങ്ങൾ.
ആനപോലെതടിച്ചുള്ള ധേനുജാലംസദാകാലം
    തേനൊഴുകുംപൂങ്കാവുകൾ തുളസിത്തോട്ടം.
ആനലായമശ്വലായം സേനകൾക്കുള്ളാലയങ്ങൾ
    പാനശാല ശസ്ത്രശാല രഥാലയങ്ങൾ.

ശില്പിശാല ഭുക്തിശാല ഗീതശാല നൃത്തശാല
　　വിപ്രഹോമപൂജാദികൾക്കുടയ ശാല.
ആസ്ഥയോടെ കാൎയ്യജാലമാലോചിപ്പാനുണ്ടാക്കിയ
　　ആസ്ഥാനമണ്ഡപങ്ങളുമവിടെക്കണ്ടു.
എത്രയും വിചിത്രമായിക്കണ്ടുപിന്നെ യൊരുഗൃഹം
　　തത്രചെന്നു കയറിനാൻ മഹീസുരേന്ദ്രൻ.
വൃത്രവൈരിവസിയ്ക്കുന്ന പത്തനത്തെക്കാളുമൊരു
　　പത്തിരട്ടിപോരാ പാൎത്താലതിൻവിശേഷം.
അത്ഭുതമയമാകുന്നോരബ്ധിതന്നിൽ വീണുവിപ്രൻ
　　അഭ്യുദയമതുപോലെയെവിടെക്കാണും?
അക്കശോഭ ചിലദിക്കിലഗ്നിശോഭ ചിലദിക്കിൽ
　　അക്കഥയെ വിസ്തരിപ്പാനസാദ്ധ്യംതന്നെ.
വന്നുകൊൾക വന്നുകൊൾക നന്ദപുത്രനുണ്ടിവിടെ
　　എന്നു കൊഞ്ചീടുന്ന പഞ്ചനിറക്കിളികൾ.
ചോരസ്ഥന്മാരൊഴിഞ്ഞങ്ങു ദൂരത്തേയ്ക്കുനീങ്ങിനിന്നു
　　കീരത്തിന്റെ മൊഴിയനുസരിച്ചുവേഗാൽ.
സുന്ദരാംഗികളായുള്ള ചന്ദ്രകാന്തപ്പാവകളെ
　　മന്ദിരത്തിൻതൂണുകളായ്ചമയ്ക്കമൂലം.
ഇന്ദ്രനൊരുപുരംതീൎപ്പാനിന്നുമാതൃകയ്ക്കീപ്പുരം
　　വന്നുകൊണ്ടുപോവുകയോ സുരനാരികൾ,
എന്നുശങ്കവളൎത്തുന്ന നന്ദസുതഗൃഹത്തിങ്കൽ
　　ചെന്നുകേറിവിസ്മയാബ്ധിത്തിരയിൽപ്പെട്ടു്.
നേരുവഴി തന്നെ ചെന്നു പൂരുഷാഗ്രേസരൻവാഴും
　　ചാരുസൌധനിലതന്നിലണഞ്ഞനേരം.

ധാരാധരനിഭഗാത്രൻ നീരജാന്തർദ്ദളനേത്രൻ,
    മാരകോടിസുഭഗാംഗൻ സുദീഘബാഹു.
വത്തിനീട്ടീടുന്നനേരം കത്തീടുന്നദീപംപോലെ
    ഉത്ഥിതനായ് മണിമഞ്ചപ്പുറത്തുനിന്നു്.
അച്യുതൻെറ ദിവ്യരത്നമച്ചുകണ്ടു വിസ്മയിച്ചു
    പിച്ചുപെട്ടു പകച്ചോരു മഹീസുരനെ.
ഇപ്രപഞ്ചപ്രഭുമണിച്ചപ്രപഞ്ചമഞ്ചത്തിന്മേൽ
    തല്പമേററിവസിപ്പിച്ചു ഗുരുവെപ്പോലെ.
വൈരരത്നക്കിണ്ടിനീരാൽ വൈകാതെകാൽകഴകിച്ചു
    സ്വൈരമണിഞ്ഞിതു തീത്ഥംതിരുമുടിയിൽ.
സ്വരമാക്കാലുരണ്ടുമുത്തരീയംകൊണ്ടുതോത്തി
    മെത്തമേൽവെച്ചിട്ടു മെയ്യിൽ കളഭംപൂശി.
അഘ്യപാദ്യാദികൾകൊണ്ടനഘമായപൂജചെയ്തു
    മുഗ്ദ്ധഹാസനടുക്കൽചെന്നിരുന്നു മെല്ലെ.
താലവൃന്തം തൻെറകരത്താലെടുത്തു വിപ്രനുടെ
    കോലമതിൽ മന്ദംവീശിത്തുടങ്ങീടിനാൻ.
പാരമത്ഭുതാനന്ദാദി ഭാരമേന്തും ദ്വിജനന്നു
    പാരമേഷ്ഠ്യമഹോ ശുദ്ധം പശ്ശുത്വമായി.
ഏതൊരുദിക്കിതു ലോകമാതാവിൻെറപട്ടണമോ?
    സ്ഫീതമായ തപസ്സിദ്ധിക്കലവറയോ?
അത്ഭുതാനന്ദങ്ങളെന്നു മുത്തുവിളയും കേദാരമോ?
    അഭ്യുദയമയമായ മഹാംബുധിയോ?
വാസവൻെറ വാസഗൃഹം വാസുദേവപുരത്തിൻെറ
    ഗോസായിച്ചാവടിയാകാൻമതിയാകില്ല!

ആരിതോൎത്താലഴകിൻെറ ധോരണിയോ പൌരുഷമോ?
    സാരമായ ധൎമ്മത്തിൻെറ നരദേഹമോ?
ആദരശ്രദ്ധകൾക്കുള്ള മേദ്ദരാശ്രമമോ? സൎവ്വ-
    ഖേദഭേദനൌഷധമോ? സമൎച്ചകൻ മേ.
കുണ്ഡിനക്കാരനാം മന്നനുണ്ണിനമ്പൂരിയോ ഞാനും
    പുണ്ഡരീകവിഷ്ടരനോ പുരാന്തകനോ?
ഏവമോരോവിധം ഭൂമീദേവനോൎത്തു വാണീടുമ്പോൾ
    ദേവദേവൻ കയ്യുകോൎത്തു പിടിച്ചരുളീ.
ദക്ഷിണാക്ഷി ചലിച്ചു മേ പക്ഷിരാജൻ തലമീതെ
    പക്ഷമിളകാതെ ചുററി വലംവഴിയെ.
എന്തോ നമുക്കിന്നു ചില സന്തോഷത്തെ ലഭിയ്ക്കുവാൻ
    ബന്ധമുണ്ടാമെന്നുചിത്തെ നിനച്ചിരുന്നു.
സൽസംഗത്തിൽവലുതായോരുത്സവമെന്തുദിയ്ക്കേണ്ടു?
    ഹൃത്സരോജം വിരിയുന്നു ഭവദ്ദൎശനാൽ.
മംഗളാത്മാവായ ഭവാ നെങ്ങുഗൃഹ മെങ്ങുവാസം?
    എങ്ങുനിന്നുവന്നീടുന്നു കുശലമല്ലേ?
കിട്ടിയതുകൊണ്ടുപരിതുഷ്ടരാകും വിപ്രരെൻെറ
    ഇഷ്ടരായി ഭവിയ്ക്കുന്നു നിസൎഗ്ഗത്താലെ.
അന്തണേന്ദ്ര! ഭവാനിപ്പോളന്തരംഗത്തിങ്കലുള്ള
    ചിന്തിതാൎത്ഥം കഥിച്ചാലും മടിച്ചിടാതെ.
സജ്ജനങ്ങൾക്കുള്ളതാണിന്നിജ്ജനത്തിൻ മുതലെല്ലാം
    സജ്ജനഹമെന്തുംചെയ്വാൻ ഭവാനുവേണ്ടി.
ഓതിയാലുമഭിലാഷമേതുമിന്നു മടിയ്ക്കേണ്ട,
    ഭൂതിശാലിയുടെ വാക്യമിവണ്ണം കേട്ടു.

ആരണ്ണനുമത്തുനേരം കാരണപൂരുഷനോട്ട
പാരമാദരമുററുംക്കൊണ്ടു പറഞ്ഞാനേവം.
പുണ്യകീൎത്തേ! മമ ഗൃഹം കുണ്ഡിനത്തിലാണിന്നൊരു
പെണ്ണിനുടെ ദൂതിനായിട്ടിവിടെ വന്നേൻ.
ഭൂവരൻെറ ഗുണംകൊണ്ടു ജീവനംമേ കഴിയുന്നു
ആവലാതിയതില്ലൊട്ടും ഗൃഹത്തിങ്കലും.
ശാശ്വതമായില്ലത്തേശ്ശോരീശ്വരസ്സേവയുമുണ്ട്
പാൎശ്വവാസം വേണമെന്നും നൃപന്നൊരുവൻ.
കുണ്ഡിനക്ഷ്മാപതിയുടെ കണ്ണിലുണ്ണിയായിട്ടൊരു
പുണ്ഡരീകമിഴിയുണ്ടു വളൎന്നീടുന്നു.
കണ്ണിമച്ചുമിഴിയിന്നാപ്പെണ്ണിനില്ലായെന്നുവന്നാൽ
വിണ്ണിലുള്ളവളല്ലെന്നു കഥിയ്ക്കില്ലാരും.
മാനവൎക്കു തക്കമില്ല വാനവിയെക്കാണുവാനാ
മാനിനിയെക്കണ്ടാലതി സുലഭമായി.
ഇന്നു രുഗ്മിണിയ്ക്കുതുല്യം സുന്ദരിമാരൂഴിതന്നിൽ
വന്നുപിറന്നവരില്ല സമയംചെയ്യാം.
സംഗീതവും വാണിയുടെ ഭംഗികളും സാഹിത്യവും
ശൃംഗാരമാം രസത്തിൻെറ വിലാസങ്ങളും,
പൂജ്യരിലെ വണക്കവും ത്യാജ്യങ്ങളിൽ ജുഗുപ്സയും
ആൎജ്ജവവും വിനയവും വിവേകാദിയും,
ആപ്തവാക്യവിശ്വാസവുമാപ്തന്മാരിൽ മമതയും,
മേല്പറഞ്ഞ ഗുണങ്ങളുമിതരങ്ങളും.
തമ്മിൽ ഞാനൊ നിയ്യോയെന്നാൎന്നുമഹീശതനയയിൽ
ധൎമ്മനിഷ്ഠ ഗുരുദേവ ദ്വിജ ഭക്തിയും.

രുഗ്മിയെന്ന സോദരനാ രുഗ്മിണിയ്ക്കു ഭവിയ്ക്കുന്നു
തിഗ്മശീലനതുമൂലമനൎത്ഥമായി.
ചേദിനരപാലനവൻ സോദരിയെക്കൊടുക്കുവാൻ
മോദമോടു തീൎച്ചയാക്കി വസിച്ചീടുന്നു.
മൂപ്പിലേയ്ക്കും പൌരന്മാൎക്കും കൂപ്പിനില്ക്കും സേവകൎക്കും
ഇപ്പിടുത്തം ലവലേശം രസിച്ചിട്ടില്ലാ.
പെണ്ണിനുടെ പെററമ്മയ്ക്കുമണ്ണികൾ മററുള്ളവൎക്കും,
കുണ്ഡിനത്തിൽ മൂക്കുകീൾപ്പോട്ടെഴുന്നോക്കാൎക്കും,
മൂൎച്ചക്കൂട്ടമിളമിലെത്തീൎച്ചയേതും ബോധിച്ചില്ല
വേഴ്പപോകുമവനെന്നോൎത്തടങ്ങീടുന്നു.
ആയവൾക്കിന്നനുരൂപനായീടുന്ന ഭവാനുടെ
ജായയായവളെ കാണ്മാൻ കൊതിയേവൎക്കും
ബാലയായ രുഗ്മിണിയും കാലേതന്നെബ്ഭവാനുടെ
കോലഭംഗി മുതലായ ഗുണങ്ങൾകേട്ടു്,
രക്തയായിട്ടിനംതോറും സക്തിവൎദ്ധിയ്ക്കുക മൂലം
ശക്തയല്ലാതായി കാമം സഹിപ്പതിന്നും.
രാജസഭയിലെ വിധി രാജമുഖികേട്ടശേഷം
വ്യാജമല്ല, ശരീരത്തിൽ വിരക്തയായി.
ഊണുകാലത്തെട്ടുപത്തു പ്രാണാഹുതി മാത്രമുണ്ടു്,
കാണികൾക്കുവേണ്ടിയതു വെടിഞ്ഞിട്ടില്ലാ.
കാളീടുന്ന തിയ്യിലിട്ട നാളീകത്തണ്ടെന്നപോലെ
വേളി നിശ്ചയിച്ചശേഷം കിടപ്പിലായി.
സുന്ദരാംഗിയുരചെയ്ത സന്ദേശത്തെ മനംവെച്ചു
നന്ദസൂനോ! കേൾക്ക സൎവ്വം കഥിച്ചീടുന്നേൻ.

"പുരുഷാഗ്രേസര! തവ ചാരുഗുണനിചയങ്ങൾ
വേരുറച്ചു ദൃഢമെന്റെ ഹൃദയത്തിങ്കൽ.
കേടകന്ന തവ രൂപത്തോടണഞ്ഞ മമമനം
ലാടശൃംഖലയ്ക്കുതുല്യം പിരിയാതായി.
ദേവകിനന്ദന! നിന്റെ ഭാവമെന്തന്നറിയാതെ
ജീവനത്തെ നിനക്കായി സമപ്പിച്ചേൻ ഞാൻ.
ശീലകുലവയോധനത്താലനുരൂപനാം നിന്നെ
ചാലേ കൊതിയ്ക്കാതെയുള്ള വധുക്കളുണ്ടോ?
സത്സ്വഭാവനായ നിങ്കലുത്സുകയായീടുന്നേൻ ഞാൻ
അസ്വതന്ത്രമാരെന്തിതിലധികം ചൊൽവൂ?
നിങ്കലൊരു ദയാലേശമെങ്കലുണ്ടെന്നാകിലെന്നെ
പങ്കജാക്ഷ! ഹരിച്ചാലും മടിയ്ക്കരുതെ.
ഉഗ്രനായ ശിശുപാലദുർഗ്രഹത്തിന്നടിയനെ
അഗ്രജസഹോദരൻ താനുഴിഞ്ഞുവെച്ചാൻ.
അച്ഛനമ്മമുതൽപേരീ നിശ്ചയത്തിൻ പ്രാതികൂല്യം
ഉച്ചരിപ്പാൻപോലുമഹോ മതിയാകില്ലാ.
ഭീരുവാകുമടിയനിന്നാരുമില്ലൊരവലംബം,
ചാരുകീർത്തെ! ഭവാനുടെ കൃപയല്ലാതെ.
സേനയോടുമിങ്ങുവന്നു മാനവേന്ദ്രന്മാരെയെല്ലാം
മാനമോടു ജയിച്ചുഗ്രപ്രതാപരാശേ!
ആണ്ടവരും ചേദിപനെത്തീണ്ടുവാനിടയാക്കാതെ
വീണ്ടുകൊൾക വിവാഹത്തിൻ മുഹൂർത്തത്തിങ്കൽ.
വേളികമ്മമദ്ധ്യത്തിങ്കൽ കാളീപദം ഭജിയ്ക്കുവാൻ
ആളിമാരൊത്തകമ്പടി സമേതയായി,

മന്ദിരത്തിൽനിന്നു പോയിവന്നീട്ടമന്നേരത്തിങ്കൽ
നന്ദിയോട്ട ഹരിച്ചാല്യമടിയനെ നീ.
ജാഗ്രത്തിലോ കിനാവിലോ ഭാഗ്യരാശേ! നിദ്രയിലോ,
വാക്കുകൊണ്ടോ മനംകൊണ്ടോ ശരീരംകൊണ്ടോ.
നല്ലകർമ്മമിതുവരെ വല്ലതും ഞാൻ ചെയ്തിരിയ്ക്കിൽ
എല്ലാം തവ കനിവിന്നു ചിലവിട്ടന്നേൻ.
ദ്വാരകയിൽ തവ പരിചാരികയായിരുന്നാലും
പോരുമെന്നെ വെടിയൊല്ലെ കരുണരാശേ!
എന്തിനും മതിയാകുന്ന നിന്തിരുവടിയുമെൻെറ
സന്താപത്തെഗ്ഗുണിക്കാതെ വെടികയെങ്കിൽ,
ദുഷ്കൃതങ്ങൾ നശിയ്ക്കുവാൻ തക്ക തപോനിഷ്ഠകൊണ്ട
മുക്തതനുവാകുന്നുണ്ട വിവാദമില്ലാ.
ആയിരമോജന്മം പതിനായിരമോ തപംചെയ്തു
ജായയാകും തവ വേദംപ്രമാണമെങ്കിൽ.
അന്യന്റെശാസനയിൽ മന്നിടത്തിൽവസിയ്ക്കുവാൻ
അനഘംഞാൻവഹിക്കയോ വധുശരീരം?
സങ്കടത്തിൻപാത്രമാമീ മങ്കടത്തെ വാസുദേവ!
നിങ്കടത്തെക്കരുതിഞാൻ വഹിച്ചീട്ടന്നേൻ.
നല്ലസമയത്തെനോക്കി മല്ലവൈരിയോടിതെല്ലാം
ചൊല്ലിയാലും; ശേഷമെല്ലാമറിയാമല്ലോ."
ഇത്രമാത്രം സഗൽഗ്ഗദം മത്തകാശിനിയാളോതി
വസ്ത്രപല്ലവംകൊണ്ട മിഴിതുടച്ചീടിനാൾ.
കൊണ്ടൽവർണ്ണ! ഭവാനെഞാൻ കൊണ്ടുചെന്നുകൊള്ളാ-
രണ്ടുകയ്യുംമാറിമാറിയടിച്ചേനപ്പോൾ. (മെന്നു്

ഇപ്രകാരമുരചെയ്ത വിപ്രൻറടെമൊഴികേട്ട
സപ്രസാദമരുൾചെയ്താൻ യദുകുലേന്ദ്രൻ:—
രുഗ്മിയുടെ സഹോദരി രുഗ്മിണിയെന്നുടെ കണ്ണ-
യുഗ്മവഴി ഹൃദയംപുക്കിരുന്നീടുന്നു.
ഇങ്ങിനെയാണവളുടെ യിംഗിതമെന്നാകിലിപ്പോൾ
അങ്ങുചെന്നു കൊണ്ടുപോരാം തടവില്ലേതും.
അന്യലോകസക്തയായ കന്യകയെക്കൊണ്ടുപോന്നാൽ
അന്യായമാമെന്നു ചിന്തിച്ചടങ്ങീടുന്നു.
എന്നിലനുരക്തയെങ്കിലെന്നുടെ സുകൃതംകൊണ്ടു
മന്നിടംമേ നാകത്തേക്കാൾസുഖസാധനം.
ഇന്നുതന്നെപോകാമെന്നാലെന്നുരച്ചു ദാരുകൻെറ
സ്യന്ദനത്തിൽക്കരകേറി ദ്വിജസമേതൻ;
നേരംപോക്കിൻവട്ടമോരോന്നാരംഭിച്ച സമയത്തു,
ആരണേന്ദ്രനുരചെയ്താനതിസന്തോഷാൽ.
ബാലയാകുംരുഗ്മിണിയെപ്പോലെയിനിയൊരുബന്ധു
ഭൂലോകത്തില്ലതിനില്ലവിവാദമേതും.
പുത്തനാകുംവൈകുണ്ഠമോ പത്തനംതേ ചിത്രമെത്രെ
നൃത്തമാടുന്നിതു ലക്ഷ്മിസഹസ്രമതിൽ!!
അത്രവന്നുസൎവ്വലോകമിത്രമാകുംഭവാനെക്ക-
ണ്ടെത്തുവാനുമവളത്രേ നിമിത്തം നൂനം.
സംഗമററയോഗികൾക്കുമംഗമിതു മാംസദൃഷ്ട്യാ
ഭംഗിയോടെ കാണ്മാനുണ്ടോ കഴിഞ്ഞീടുന്നു.
മംഗളമെന്താചരിച്ചോ ഭംഗമേലാതവൾപൂൎവ്വം
സംഗമേവംഭവാനോടു ഭവിപ്പാൻമാത്രം.

എങ്ങാനുംകിടക്കുമെന്നെ ഭംഗിയുള്ള തേരിലേററി
ചെങ്ങാതിയെപ്പോലെ നമ്മുരച്ചീടുന്നു!
ദുഷ്ടനായചേദിപനീവിഷ്ടപത്തിൽപിറന്നതും,
നിഷ്ഠുരനായ്വന്നതുമീയിളയഭൂപൻ,
താതനവൻതന്നിലേററം ഭീതനായിബ്ഭവിച്ചതും,
കാതരാക്ഷി ദൂതിനെന്നെ നിയോഗിച്ചതും,
ദേവകിതനയ! വാസുദേവ! ദേവദേവ! നിൻെറ
ഭാവുകമാമനുഗ്രഹമതൊന്നുതന്നെ.
എന്നുവിപ്രവാക്കുകേട്ടു നന്ദസുതനരുൾചെയ്തു
നന്നുനന്നു തവവാക്യവിശാരദത്വം.
ആതുരക്കു സഹായിപ്പാനേതൊരാൾക്കുകഴിയുന്നു
ഭൂതലത്തിലവൻതന്നെ സുകൃതരാശി.
നല്ലവൻെറ കർമ്മജാലമെല്ലാടിക്കും വ്യാപിച്ചീടും
ഇല്ലാ തക്കം; ഭവാനതിന്നുദാഹരണം.
ഇന്നെനിയ്ക്കും രുഗ്മിണിയ്ക്കും മന്ദിരത്തിലെല്ലാവക്കും,
തന്നിമിത്തം ജ്ഞാതികൾക്കും വിദർഭന്മാക്കും.,
യാദവക്കുമെല്ലാവക്കും മോദകരം തവകർമ്മം
വേദവേദി ശിരോമണേ! വിവാദമില്ലാ.
ഇപ്രകാരം മമ പ്രിയം വിപ്ര! ഭവാൻ ചെയ്തതിന്നു
കല്പമാകും പ്രതിക്രിയ സഖെ! കണ്ടില്ലാ.
ഉല്ക്കൃഷ്ടമാം യത്നംകൊണ്ടുമിക്കടം വീട്ടുകയില്ലാ
നിഷ്കപടമാണീവാക്കെന്നറിഞ്ഞീടേണം.
എന്നുകേട്ടുവിപ്രൻചൊന്നാൻ നന്ദസൂനോ!ഭവാനെങ്കൽ
നന്ദിയുണ്ടെന്നാകി—ലിതേനമുക്കുവേണ്ടു.

'ദുർമ്മതിയാം രുഗ്മിയുടെ ദുർമ്മുഖത്തെ കാണുന്നേരം
    ശർമ്മഹാനി ഭവിയ്ക്കരുത,വിടയ്ക്കേതും.
ഇത്തരമന്നോരോരോവാക്യമുത്തരോത്തരംപറഞ്ഞു
    സത്വരമാകുണ്ഡിനത്തിലണഞ്ഞാനന്നാറം'
ചെന്നുകാൺക കന്യകയെയെന്നു ഭൂമീസുരനോടു
    നന്ദസുതനരുളിച്ചെയ്തവിടെനിന്നാൻ.
ഭൂമീസുരനതുകേട്ടു കാമിനിമണിയെക്കാണ്മാൻ
    കാമിതാപ്തിതുഷ്ടനായിഗ്ഗമിച്ചുവേഗാൽ.
എത്രതന്നെ നടന്നിട്ടുമെത്തുന്നില്ലാ വാസുദേവൻ
    അത്രവന്നതംഗനയോടറിവിയ്ക്കുവാൻ.
അന്തരംഗേ നിറഞ്ഞുള്ള സന്തോഷത്തിൻ കനംമൂലം
    അന്തണനന്നു കന്യാഗാരം വിദേശമായി!

*        *        *        *

മന്ദിരത്തിലതുകാലം സുന്ദരാംഗിരുഗ്മിണിയ്ക്കു
    വന്നിരിയ്ക്കുമവസ്ഥകൾ പറയാവല്ലാ.
നീളമേറുന്നോരു രണ്ടുനാളഹോ,കഴിച്ചുകൂട്ടി
    വേളിയുടെ വാസരത്തിൻ പ്രഭാതത്തിങ്കൽ;
ആരണേന്ദ്രനണയായ്വാൻ കാരണമെന്തെന്നുരക്ത-
    സാരസാക്ഷിക്കതിമാത്രം വിചാരമായി!
'പോയതില്ലെന്നുണ്ടോവിപ്രൻ തോണികിട്ടാഞ്ഞതുമൂലം
    തോയധിക്കക്കരെയെങ്ങാനിരുന്നീടുന്നോ?
ദ്വാരകയിൽകൃഷ്ണനുടെ നേരെ ചെന്നുകണ്ടീടുവാൻ
    ആരണന്നു സമയത്തെ ലഭിച്ചില്ലെന്നോ?
കണ്ടു കാര്യമറിഞ്ഞിട്ടും കൊണ്ടൽവർണ്ണനിക്കാര്യത്തെ
    കുണ്ഠാമണ്ടിയെന്നു ചിന്തിച്ചൊഴിക്കുകയോ?

എങ്കലിന്നുകനിവില്ലാ പങ്കജാക്ഷനെന്നിരിയ്ക്കിൽ
കിങ്കരവൈ കാമപീഡ സഹിക്കയെന്യെ!

ആരണേന്ദ്രൻ പറഞ്ഞൊരു നേരമെല്ലാംകഴിഞ്ഞിട്ടു
വാരമരയായിയെല്ലോ വരുന്നില്ലെല്ലോ.

മന്ദഹാസമധുരമാം നന്ദസുതന്റെ മുഖം
ഒന്നുകാണ്മാനിനിക്കിനിക്കഴിഞ്ഞീടുമോ.

കാക്കനൊലുഭാഗത്തിലുമാക്കമോടു കരയുന്നു
കാക്കവേണ്ടദൂതന്റെ വരവിനി ഞാൻ.

ഉഗ്രമാകുംദൈവശിക്ഷ നിഗ്രഹിപ്പാൻകഴിയുമോ?
ഹൃൽഗ്ഗദം മെ വളരുന്നു പരദൈവമേ!

എന്തിനെനിക്കിഹജന്മമെന്തിനയ്യോ പരിജനം?
എന്തിനുണ്ണമുതലായ തനുപോഷണം.

പുണ്യഹീനമാരിലഗ്രഗണ്യയായ രുഗ്മിണിയെ
നണ്ണിനിങ്ങളാളിമാരേ, തപിച്ചീടൊല്ലേ!

താത! തവ കുലത്തിന്റെ പാതകമായീടുമെന്നിൽ
ജാതമായ വത്സലത്വമുപേക്ഷിച്ചാലും!

കണ്ണ! മമ കാംക്ഷമൂലം വണ്ണമേറും താരതമ്യം
എണ്ണാതെ ഞാൻ ചെയ്ത പിഴ പൊറുത്തിടേണം!

പ്രാണങ്ങളേ, കനിവുണ്ടാകേണമെന്നിൽ വാസുദേവൻ
ക്ഷീണഹാർദ്ദനാകുന്നുവെന്നറിയുംമുമ്പിൽ!

ഉന്നതമാ മഴലോടാക്കന്യകതാനിപ്രകാരം
മന്നിൽവീണു കിടന്നങ്ങു വിലപിയ്ക്കുന്നു!

തുല്യസുഖദുഃഖമാരാം കല്യാണികൾസഖികളും
മെല്ലെമെല്ലെ സമാധാനം പറഞ്ഞീടുന്നു.

ആടലെന്തുപറഞ്ഞാലും കൂടലല്ലാതില്ലെന്നല്ല
കൂടക്കൂടെ മോഹാലസ്യം തുടങ്ങീടുന്നു!
എന്തിതിന്നു നിവൃത്തിയെ ന്നന്ധമാരായെല്ലാപേരും!
അന്തണനുമതുനേരത്തവിടെയെത്തി!!
‘ആഗതനായഹോ, മനോവാഗതീതഗുണൻ കൃഷ്ണൻ,
ഭാഗധേയനിധേ, തവ സഫലം ജന്മം!
തോരണവാതുക്കലിതാ സാരഥിയോടൊരുമിച്ചു
നീരജാക്ഷൻ വിളങ്ങുന്നു പുതുക്കാർപോലെ!
ഭൂതധാത്രീപതികളാമാതപത്തെ തടുക്കുവാൻ
കാതരാക്ഷി! നിനക്കിനിപ്രയാസമുണ്ടോ?
വാണികൾക്കു ദൂരനായി, കാണികൾക്കു കാഴ്ചയായി,
പ്രാണികൾക്കു ജീവനായി, പ്രഭുവുമായി,
ഏണീചലമിഴിമണിശ്രേണീമനോഭവനായി,
വാണീടുന്ന വാസുദേവൻ, രിപു ശമനൻ,
പാണികളിൽ വില്ലുമമ്പും തൂണിയുമായ്വന്നുനിന്റെ
പാണിഗ്രഹം ചെയ്തീടുവാൻ വിളങ്ങീടുന്നു!!
കേഴമിഴിയോടുതെല്ലും കേഴരുതെന്നുരചെയ്തു
ഊഴീസുര! ഭവാനെന്നുമരുളിച്ചെയ്തു!
അർണ്ണവത്തിൻനടുക്കുള്ള വിണ്ണിനൊത്ത പുരത്തിങ്കൽ
കണ്ണനൊത്തുസുഖിച്ചാലും ചിരകാലം നീ!’
ദൂതനുടെമൊഴികേട്ടു ഭൂതലേശസുതപാരം
പ്രീതയായി, മഴയേററ ലതികപോലെ!
ക്ഷിപ്രമെഴുനേററിട്ടവൾ വിപ്രനുടെ കാലിണയിൽ
അപ്രമേയ നന്ദിയോടും നമസ്കരിച്ചാൾ!

ജീവരക്ഷിതാവേ, ഭൂമിദേവമൌലെ, നമസ്കാരം!
കേവലം മേ കടക്കാരൻ ഭവാനെന്നേയ്ക്കും!
ഊണുറക്കമുപേക്ഷിച്ചീ പ്രാണമാത്രയായോരെന്റെ
ത്രാണനത്താലന്നദാതാ ഭവാനാകുന്നു!
കള്ളനായ ചേദിപനിലുള്ള ഭയം കളകയാൽ
ഉള്ളലിഞ്ഞ ഭവാനെന്റെ ഭയത്രാതാവും!
വേദമൂർത്തിതന്നെയെന്നോടാദരേണ ചേർക്കുകയാൽ
സാദമററവിദ്യാ ഭവാനെനിയ്ക്കു നൽകി!
ഈവിധത്തിലീയിവളെജ്ജീവിപ്പിയ്ക്ക കാരണത്താൽ
ഭൂവിബുധ, ജനിതാവും ഭവാനാകുന്നു!
വേളിയുപനയനമാം നാളീകാക്ഷികൾക്കുന്നനം;
കേളിനിക്കുപനേതാവും ഭവാനാകുന്നു!
അഞ്ചുവിധത്തിലുമെനിയ്ക്കച്ഛനാകുന്നിതു ഭവാൻ
ചഞ്ചലത മനമതിലതിനില്ലേതും!
കണ്ണുനീരുപൊഴിച്ചുംകൊണ്ടഭണ്ണോജാക്ഷിയാളീവണ്ണം
എണ്ണിയെണ്ണിപ്പുകൾത്തിനാൾ മഹീദേവനെ!
പട്ടുവളമണിമാല തൊട്ടു പല സമ്മാനവും
തുഷ്ടിയോടു കൊടുത്തിതാ നരേന്ദ്രപുത്രി.
അയ്യോ, മതി മതി, യെന്നും; കയ്യുകൊണ്ടു വിലക്കിയും,
മയ്യൽക്കണ്ണി കൊടുത്തതു ഞെരുങ്ങിവാങ്ങി!
ആയതാക്ഷിയുടെ മുടിയ്ക്കായിരമനുഗ്രഹിച്ചു
ആയവനും, നിജഗൃഹം ഗമിച്ചാൻ മന്ദം!

ഒന്നാംസർഗ്ഗം സമാപ്തം.

## രണ്ടാം സൎഗ്ഗം.

സീരപാണിയതുകാലം ദ്വാരകയിലനുജനെ
   പാരമന്വേഷിച്ചു കാണാഞ്ഞതുനിമിത്തം.
ദ്വാരപാലന്മാരെവിളിച്ചോരോചോദ്യംതുടൎന്നപ്പോൾ
   നേരറിഞ്ഞു, യദുക്കളെ വിളിച്ചുകൂട്ടി;
ദ്രോഹികുലകാലനായ രോഹിണീനന്ദനനെത്തി,
   വാഹിനികളോടുംകൂടി വിദൎഭമന്നിൽ!
കുണ്ഡിനത്തിലതുകാലം കണ്ണനെത്തിയെന്നുകേട്ടു
   മണ്ഡനത്തിന്നൊരുങ്ങിനാർ വധൂനിവഹം.
കേട്ടവർ കേട്ടവരുടനോട്ടമായിത്തൻെറതൻെറ
   കൂട്ടുകാരെ വിളിക്കയുമറിവിക്കയും.
പട്ടുടുത്തു കോപ്പണിഞ്ഞു പൊട്ടുതൊട്ടു കണ്ണെഴുതി
   സ്പഷ്ടവേഷം ധരിച്ചുംകൊണ്ടതികുതുകാൽ.
സുന്ദരതമൂൎത്തിയായ നന്ദജനെക്കാണ്മാൻ കാൎയ്യ-
   മ്യ്യെന്നപോലെ പുറപ്പെട്ടു പലരുംകൂടി!
ഭൂമീപതിമാർപലരും താമരസലോചനനെ
   കാണ്മതിന്നുപുറപ്പെട്ടു മഹീസുരരും.
കുണ്ഡിനക്ഷ്മാപതിഭീഷ്മൻ കണ്ണനെഴുന്നെള്ളിയോരു
   കണ്ണാമൃതംപാനംചെയ്തു ചെവികളാലെ!

ശുദ്ധരാകും പുരവാസിവൃദ്ധരോടും, ദ്വിജരോടും,
ബദ്ധമോദന്മാരായുള്ള സചിവരോടും,
ഗാനനൃത്താദികളോടും, നാനാവാദ്യാദികളോടും,
സേനയോടും പുറപ്പെട്ടു പുരദ്വാരത്തിൽ!
അഷ്ടമംഗല്യങ്ങളോടും വിഷ്ടപത്രയാധിപരെ
പുഷ്ടമോദമെതിരേററു പുളകിതാംഗൻ!
സ്വർണ്ണകുംഭമണിമാലാ മണ്ഡിതമായീടുന്നോരു
മണ്ഡപത്തിലെഴുന്നള്ളിച്ചിരുത്തീടിനാൻ!
കാൽകഴകിച്ച,ർഘ്യപാദ്യസാകമായപൂജചെയ്തു,
മാൽകളഞ്ഞു, ചെയ്താൻ പിന്നെ കുശലപ്രശ്നം.
തന്നടുക്കൽ വന്നിട്ടുള്ള മന്നവരെയെല്ലാം കൃഷ്ണൻ
ഉന്നതമുപചരിച്ചാനുചിതംപോലെ.
ദൂരെ ദൂരെ നിവസിയ്ക്കും നാരിമാരുമതുകാലം
നീരജാക്ഷരൂപംകാണ്മാൻകൊതിച്ചണഞ്ഞാർ!
കൊച്ചുകൊച്ചുകുമാരന്മാ രച്യുതനെക്കാണ്മവാനായ്
ഉച്ചസ്ഥലങ്ങളിലേറിയിരുന്നുകൊണ്ടാർ.
വെററില തിന്നൊലിപ്പിച്ചും നെററിമേൽക്കൈയ്യടുപ്പിച്ചും
മററൊരേടത്തണഞ്ഞിതു മുതുക്കികളും!
കണ്ണനെക്കണ്ടീടുവാനാകണ്ണപൂർണ്ണമിഴികൾക്കും
കണ്ണുപോരാഞ്ഞഹോ,വിധിവിരോധിയായി!
വണ്ടാറണിമുടിമാരാത്തണ്ടാർദളാക്ഷനെക്കണ്ണൊ-
ലുണ്ടാദരാൽത്തമ്മിൽത്തമ്മിൽ പറഞ്ഞാരേവം!
അത്ഭുത,മത്ഭുതം, പാരമബ്ധിവർണ്ണനുടെ ഗുണം
അത്ഭുത,മത്ഭുത,മെന്നേ പറവാനുള്ളു!!

അമ്പാടിക്കാർനാരികൾക്കു സമ്പത്തായോരിവനുടെ
പിമ്പെനില്ലാൻമതിയാമോമലരമ്പനും!
വൃദ്ധനായ തമ്പുരാനിൽ ബദ്ധമായസൌഹൃദവും
ഉദ്ധതമാംവിനയവും, ബഹുമാനവും,
ഇപ്പുരക്കാരുടെനേരെ കെല്പ്പുകൂട്ടുംപ്രസാദവും,
ഇപ്പുരുഷനുടെമുഖം പറഞ്ഞീടുന്നു!
എന്തൊരഴ,കെന്തുശീല, മെന്തുനോട്ട, മെന്തുനാട്യം,
എന്തുനന്ദസുതനുള്ളോരുദാരഭാവം!
ഗോപിയായിപ്പിറക്കാഞ്ഞീഗ്ഗോപാലൻസമാഗമം
ഗോപിയായി, നമുക്കെന്നെപറഞ്ഞിടാവൂ!
സ്വപ്നത്തിലെങ്കിലുമെൻറ തല്പത്തിലീപുരുഷനെ
സ്വല്പനേരംലഭിച്ചെന്നാൽസഫലമായി!
മോശമില്ലാരുഗ്മിണിയെക്കേശവനുകൊടുത്തെന്നാൽ
ക്ലേശമാകുംശിശുപാലക്ഷിതീശനപ്പോൾ!
വേൾക്കുവാനായയനിയുണ്ടു,കൾക്കൂട്ടം സേനയോടും,
ഢീക്കുകാരൻദന്തവക്ത്രസഹജനോടും,
കണ്ണില്ലാതെയുള്ളതെല്ലാം സ്വർണ്ണമണിഞ്ഞങ്ങുനന്നായ്
കണ്ണെഴുതിക്കുറിയിട്ടുരഥത്തിലേറി,
ആനകദുന്ദുഭിമുഖ നാനാവാദ്യഘോഷത്തോടും,
മാനമേറുംഭാഗവതദ്വിജന്മാരോടും,
ദാസികളും, ദാസന്മാരും, ഭൂസുരരും, ദേശികരും,
ഭാസുരമാംഭണ്ഡാരവും, ചരക്കുമായി;
ബാലികയിൽകൊതിമൂലം കാലേതന്നെവന്നിരുന്നു
ചാലേചെയ്തീടുന്നുരമ്യസ്ഥലോപവാസം.

പുണ്ഡരീകമിഴികൾക്കു മണ്ഡനമാംരുഗ്മിണിയെ
    ചണ്ഡനാകുമിവനാരാണുഴിഞ്ഞിട്ടവൻ?
ദുഷ്ടജാതികൾക്കുവേദം കിട്ടീടുമോപഠിക്കുവാൻ?
    ഭ്രഷ്ടനായവിപ്രനതുമവർക്കുനൽകും!
ആരിതഹോ, തീർച്ചയാക്കിനാരിയുടെ സഹോദരൻ;—
    നാരായണ! ശിവ! താതനനുവദിച്ചോ?
ശിഷ്ടയോഗേശിഷ്ടനാകും ദുഷ്ടയോഗേദുഷ്ടനാകും,
    കുട്ടിയുടെപിതാവോർത്താൽ ബുധനെപ്പോലെ!
അഞ്ചിതാംഗിമാരിവണ്ണം നെഞ്ചിടിഞ്ഞുപറയുമ്പോൾ
    മഞ്ചമതിലെഴുന്നള്ളി മഹാനുഭാവൻ!
അന്നുനാനാജനങ്ങളും നന്ദജന്റഗുണങ്ങളെ
    നന്ദിയോടുപ്രശംസിച്ചുപിരിഞ്ഞുമന്ദം.
ദന്തവക്ത്രനോടും, ജരാസന്ധനോടും, ശിശുപാലൻ
    ഹന്ത, കൃഷ്ണനിധനത്തെപറഞ്ഞുറച്ചു!!

*        *        *

വേളിനാളിൽപുലർകാല ത്താളീജനംകന്യകയെ
    മേളമോടലങ്കരിച്ചു വിശിഷ്ടശോഭം!
കസ്തൂരിയും, ചന്ദനവും, മുത്തുമണിമാലകളും,
    കത്തുംകനൽക്കെതിരായകടികാഞ്ചിയും,
കങ്കണവും, കാൽച്ചിലമ്പും, കൈവിരൽമോതിരങ്ങളും,
    തങ്കമണിക്കാതിലയും, മുടുചേലയും,
പത്തുപൂവും, കറുകയും, മുത്തമാംഗിയുടെദേഹം
    ഉത്തമാംഗംമുതലടിവരെയണിഞ്ഞാർ!
അന്നുവിപ്രനാരീകുലം വന്നുകന്യകയെക്കൊണ്ടു

ഇന്ദ്രാണിയ്ക്കു, മിഭാസ്യനുംനിവേദിപ്പിച്ചു.
നീലകണ്ഠപ്രിയവാഴ മാലയത്തിങ്കലേയ്ക്കായി
നീലവേണിപുറപ്പെട്ടു നിറഞ്ഞഭക്ത്യാ!
വിപ്രപത്നീജനങ്ങളും ക്ഷിപ്രംവന്നുകൂട്ടംകൂടി,
അപ്രകാരമവളുടെ സഖീനിരയും.
ശീതഭാനുസമമായോ രാതപത്രംപിടിച്ചൊരു
കാതരാക്ഷിപുറപ്പെട്ടാളത്തുസമയം!
വെഞ്ചാമരയെടുത്തു രണ്ടഞ്ചിതാംഗികളുമൊപ്പം
സഞ്ചരിച്ചു, പനിനീരുമെടുത്തൊരുത്തി.
ബാക്കിയുള്ളനാരിമാരും, 'വാക്കര'യിട്ടാളുകളെ
നീക്കിനീക്കി, നടകൊണ്ടു പുരദ്വാരത്തിൽ.
മന്ദംമന്ദംപുരത്തിങ്കൽ നിന്നുരാജകന്യകയും
നന്ദ്യാപരിവാരങ്ങളും പുറത്തിറങ്ങി.
ചൂരൽവടിപിടിച്ചുള്ള ശൂരന്മാരാംകാഞ്ചുകീയ-
ന്മാരു,മിരുവരിയായി നിരന്നുനിന്നു.
ഇപ്രകാരംരുഗ്മിണി,യാ മുപ്പുരാരിപ്രിയവാഴ-
മപ്രദേശത്തേയ്ക്കു നേരെനടന്നുകൊണ്ടാൾ.
രാജപുത്രിപരദൈവ പൂജചെയ്യാൻഗമിച്ചപ്പോൾ;
റാജരായിശിശുപാലൻ കുളിച്ചുവേൾപ്പാൻ!
തറവട്ടത്തുകാൽകഴുകി, മററുമംഗശുദ്ധിചെയ്തു,
അററമില്ലാതാഭരണമലങ്കരിച്ചു,
കൈവിരലിൽപവിത്രവാൻ കൈവണങ്ങിഗ്ഗണേശനാം
ദൈവതത്തെപ്പരിചോടെ പരിപൂജിച്ചാൻ!
പുണ്യാഹത്തോളവും ക്രിയാമണ്ഡലത്തെക്കഴിച്ചിട്ടാ-

പുണ്ഡരീകാക്ഷിയെക്കാണ്മാൻ നിലയായ്ബഭ്രമാൻ:
ശുദ്ധമൂലമന്തർബ്ബഹിശ്ശുദ്ധയായരുഗ്മിണിയും,
വർദ്ധമാനഭക്തിപുക്കശിവാലയത്തിൽ.
ദേവിയെത്തൊഴുതുകൊണ്ടു മേവീടുന്നസമയത്തിൽ
ആവിലങ്ങളറിവിച്ചു സ്തുതിച്ചാളേവം.
കുന്നുകളിലീശ്വരന്റെ നന്ദിനി! നിൻപാദമൂലം
വന്ദനംചെയ്തീടുമെന്നെ പരിപാലിയ്ക്കു!
നിൻകൃപയാലടിയന്റെ സങ്കടമിതർദ്ധമായി,
പങ്കജാക്ഷൻപതിയാകയെ മുഴുവൻതീരൂ!
വിഷ്ടപത്തിലാർക്കായാലു മിഷ്ടസിദ്ധിവരുത്തുവാൻ
അഷ്ടമൂർത്തിപ്രിയേ! നിങ്കാലൊഴിഞ്ഞെന്തുള്ളു?
നിങ്കാലിണതൊഴുംജനം ശങ്കരനുംവിരിഞ്ചനും
പങ്കജാക്ഷൻമുതൽപേർക്കും പ്രണമ്യനല്ലോ!
ഭക്തവത്സലമായുള്ള തൃക്കടക്കണ്ണടിയനിൽ
മക്കളിൽപോലയച്ചാലും, മറപ്പുതള്ളേ!
കേശവനെപ്പതിയാക്കി ക്ലേശമെല്ലാമൊഴിച്ചാലും;
ഈശജായെ! തൊഴുന്നേൻഞാൻ കുലദൈവമെ!
പ്രാർത്ഥനചെയ്തിപ്രകാരം പാർത്ഥലേന്ദ്രകുമാരിക
ക്ഷേത്രത്തിനുവലംവെച്ചു നമസ്കരിച്ചു,
അമ്പലത്തിൻനടതന്നിൽ പൊൻപണപ്പറനിറച്ചു,
മുമ്പേനേർന്നതുലാഭാരമതുംകഴിച്ചു,
വിപ്രപത്നിജനങ്ങൾക്കു പട്ടുവസ്ത്രഭൂഷണങ്ങൾ
ഉല്പലാക്ഷിദാനംചെയ്തു വിലക്കുവോളം!
നന്ദജൻനിൻപതിയാകും, നന്ദനന്മാരുളവാകും,

എന്നവരുമനുഗ്രഹമവൾക്കുനൽകി!
ദേവിയുടെപാദമൂലസേവചെയ്തുരുഗ്മിണിയും
സാവധാനംപുറപ്പെട്ടുപുരമണവാൻ.
ആളിയുടെകൈപിടിച്ചു, നാളീകാക്ഷിമറുകയ്യാൽ
നീളെവീഴുമളകങ്ങളൊതുക്കിക്കൊണ്ടു്,
അഞ്ചിതമാംരാജവൃന്ദമഞ്ചവീഥിനടപുക്ക,
ചഞ്ചലാക്ഷിശൃംഗാരത്തിൽമുഴുകിയോരാൽ.
കാറിനോടെതിരാംമുടി കാലിലോളംമിടഞ്ഞിട്ടു
പേറിടുന്നചൂഡാമണിമണിജാലവും,
ഫാലബാലശശിരുചിലോലനേത്രാംബുജങ്ങളി-
ലേലാതതിൻതടവായപുരികങ്ങളും,
കണ്ണിനെങ്ങു, നാരികേട്ടു കണ്ണുതൊട്ടുപോദിക്കുവാൻ
നിർണ്ണയിച്ചുതത്രചെന്നമിഴിയിണയും,
ദന്തങ്ങളോടവറ്റിന്റെ ചന്തംതട്ടിയെടുക്കുവാൻ
ഹന്ത, ലോലമായനാസാവിഭൂഷിമുത്തും,
വക്ത്രലക്ഷ്മിപൂജയ്ക്കായി ഭക്തദ്വിജഗണംവെച്ച
രക്തജപാപുഷ്പംപോലെരദച്ഛദവും
ആനനചന്ദ്രനുദിവാഹാനി പറ്റാതിരിക്കുവാൻ
ഭാനുയോഗംശീലിപ്പിക്കും ശ്രുതിപൂരവും,
നിഷ്കലപീഠത്തിങ്കൽ നിർത്തിവെച്ചശംഖുപോലെ
രക്തരേഖാത്രയമുള്ള ഗളനാളവും,
മിന്നൽപിണരെന്നപോലെ മിന്നുംപലമാലകളും,
ഉന്നതിയ്ക്കുവട്ടംകൂട്ടുമുരോജങ്ങളും,
തൂമക്കൂട്ടംശിരീഷത്തിൻ പൂമാലകളെന്നപോലെ

കോമളമായിരിപ്പോരുഭുജദ്വയവും,
അഷ്ടമംഗല്യമാംപ്രശ്ന മെട്ടകൊല്ലംവിചാരിച്ചാൽ
സ്പഷ്ടമാകാൻവിഷമിയ്ക്കും നടുക്കോടിയും,
കൂരിരുട്ടിനുള്ളചെറുവേരുപോലെരോമാളിയും,
ചാരുവാകുംത്രിവലിയും, കടികാഞ്ചിയും,
പട്ടുകൊണ്ടുമറഞ്ഞോററം പുഷ്ടങ്ങളാമൂരുക്കളും,
മുട്ടുകളുമവർണ്ണ്യങ്ങളദൃശ്യതയാൽ!,
പുഷ്പബാണതൂണീരത്തിൻ ദർപ്പഹാരിജംഘകളും,
ഝല്ലരമ്യങ്ങളാംമണിച്ചിലമ്പുകളും,
ചെന്തളിരിൽനൂറിരട്ടിച്ചന്തമേറുംപാദങ്ങളും,
ബന്ധുരങ്ങളാകുംകാലിൻവിരലുകളും,
ഉൽകൃഷ്ടപത്മരാഗത്തെക്കാൾ സുഷ്ഠുക്കളാംനഖങ്ങളും,
ദൃഷ്ടിമങ്ങുംതന്നപ്രഭാസമൂഹങ്ങളും,
അംഗദവും, കങ്കണവു,മംഗുലീയചയങ്ങളും,
അംഗരാഗവിശേഷത്തിൻപരിമളവും,
അക്ഷികളിലഞ്ജനവും, വക്ഷസിപൊൻതാലികളും,
ലക്ഷണമീവണ്ണമെല്ലാം വഹിച്ചുംകൊണ്ടു;
തഞ്ചിടുന്നനാണത്തോടും, മഞ്ചങ്ങളിൽമാധവനെ
ചഞ്ചലാക്ഷിനോക്കി, നോക്കി, നൃപന്മാരെല്ലാം.
എന്നെനോക്കി,യെന്നെനോക്കി, കന്യാരത്നമെന്നിങ്ങ-
ധന്യതയെമനതാരിൽ വളർത്തിക്കൊണ്ടു, (നെ
മത്തഹംസപ്പിടപോലെ മന്ദംമന്ദംനടകൊണ്ടാ-
ളുത്തമാംഗി, മന്മഥന്റെജയശ്രീപോലെ!
രണ്ടുവരിമഞ്ചങ്ങളിൽക്കണ്ടുനില്ക്കുംനൃപന്മാരിൽ

കൊണ്ടുപിടിച്ചുംഗജ്ജാസ്ത്രത്തറത്തുടങ്ങി!
തീരുമാനംമതിമറന്നോരുരാജസമൂഹങ്ങൾ,
ഓരോവിധംഗോഷ്ഠികാട്ടിത്തുടങ്ങിയന്നാൾ.
തന്നഴകും, പ്രഭാവവും, തനിക്കാണുന്നതിനായി
മന്നർചെയ്തതെല്ലാം ചൊൽവാൻപ്രയാസംതന്നെ!
ചേദിരാജൻക്രിയാമദ്ധ്യേ മേദിനീശസുതയുടെ
പാദചാരംകാണ്മാൻനിന്നുമനോരഥത്തിൽ!
വേളികഴിഞ്ഞിവളെൻ്റെ മാളികയിലതിമാത്രം
വ്രീളിതയായ്വസിച്ചീടും സമയത്തിങ്കൽ,
ചൊല്ലുവാനായൊരുപദ്യം നല്ലപോലെചമയ്ക്കണം
മല്ലനേത്രയുടെനാണം കുറച്ചീടുവാൻ.
കന്യകവന്നെത്തുന്നതിൻ മുന്നമിതുകഴിയേണം.
പിന്നെയോപ്പാനൊതിസ്സുനാരയസ്സുയില്ല!
കേട്ടുശീലമില്ലാത്തുള്ള കാട്ടുമന്ത്രംപലതുണ്ട്,
വേട്ടചന്ദ്രമുഖിപാട്ടിൽവരുംവരെയ്ക്കും!
പദ്യമുണ്ടാക്കുവാനിടസ്സുദ്യമിച്ചാൽഫലിസ്സില്ലാ,
അദ്യപണിയൊന്നും വേറെനമുക്കമില്ലാ!
അൎത്ഥചമൽക്കാരംവേണം, മത്രവേണംഫലിതവും,
മത്തകാശിനിസ്സുകേട്ടാൽചിരിവരേണം,
എന്നിവനിനച്ചുംകൊണ്ടാ മന്ദിരത്തിന്നിറയത്തു
നിന്നീടുന്നുശിശുപാലൻവിചിത്രമിട്ട്!
തങ്കനാഗസഞ്ചാരംരണ്ടുപണ്ട്കതിയായ്നിന്നതിടുന്നു,
തങ്കണക്കിന്നഹോ, തകിൽതകത്തിടുന്നു.
ഭാസിതാലങ്കാരകളാംദാസികൾനിന്നാടിടുന്നു,

ദാസകുലമലമാർപ്പുവിളിച്ചീടുന്നു,
കൊണ്ടൽവർണ്ണൻഭഗവാനെക്കണ്ടിടാഞ്ഞുരുഗ്മിണിയും
രണ്ടുഭാഗംനോക്കിപ്പരിഭ്രമിച്ചീടുന്നു!!
വേദവേദ്യൻഭഗവാന്റെ പദമാർഗ്ഗംനോക്കിനോക്കി
യാദവേന്ദ്രമഞ്ചത്തിങ്കലടുത്തനേരം,
മല്ലബാണാധികശോഭൻ മല്ലവൈരിഭഗവാനും
വില്ലുമമ്പുമെടുത്തുകൊണ്ടിറങ്ങിവന്നു,
മംഗലാംഗി,നിയ്യെന്നന്തരംഗമേവംകട്ടെടുത്തി-
ന്നെങ്ങുപോയീടുന്നു? നിന്നെവിടുകയില്ലാ;
തൊണ്ടിയേയും,കള്ളനേയും കണ്ടീടുമ്പോൾപിടിയ്ക്കാതെ
കണ്ടിരുന്നാൽമുതൽപിന്നെലഭിയ്ക്കയില്ല!
ആളിയുടെകൈവിടുക, നാളീകദളാക്ഷിമണേ!
വേളിയിന്നുരാക്ഷസമായ് നടത്തീടുന്നേൻ!!
പങ്കജാക്ഷനേവമോതി, മങ്കമാർമണിതന്റെ
കങ്കണങ്ങൾകിലുങ്ങുന്നകരംപിടിച്ചാൻ!
കണ്ടകിതഗാത്രിയായ കൊണ്ടൽവേണിയാളെനൃപർ
കണ്ടിരിക്കെത്തേരിലേററിത്തിരിച്ചടിച്ചാൻ!
ചേദിരാജനതുകണ്ടു വേദനയു,മരിശവും,
മേദുരയാംത്രപയുംവന്നകത്തുപുക്കു!
കൺകലങ്ങിച്ചുവന്നേററം വൻകുടിലഭ്രുകുടിയാൽ
അങ്കിതമായഹോ, നെററിനടുക്കലോളം!
ചുണ്ടിനേററംവിറകേറിക്കൊണ്ടു നടകൊണ്ടുഭൂപൻ,
കണ്ടദന്തവക്ത്രനേയും, മഗധനേയും,
പൌരവംപാറ്റങ്ങളുമുള്ള മററുംരാജകുലത്തേയും

തെററന്നങ്ങുകൂട്ടിപ്പിടിച്ചുടൻനടന്നാൻ!
പാരാവാരംപോലെ, പാരംപാരമററപടയോടും
ശൂരരായുള്ളവനീശനികരത്തോടും,
ഭേരിയടിച്ചുതി, വേഗംവീരഭാഷപറഞ്ഞേററം
വാരിജാക്ഷനുടെപിമ്പങ്ങടുത്തീടിനാൻ!
നില്ലുനില്ലുപശുപാല! മൈക്കണ്ണിയെക്കവൎന്നനിൻ
ധിക്കാരത്തെപ്പൊറുക്കുമോ ശിശുപാലൻഞാൻ?
ഘോഷയോഷാഗൃഹങ്ങളിൽ മോഷണത്താലുദരത്തിൻ
പോഷണംചെയ്തോരുവിധം പൊറുത്തീടുംനീ;
കട്ടുകട്ടുതരംകണ്ടി, ധൃഷ്ടുകാണിച്ചതുമൂലം
പെട്ടുപോയി; വിടുകയില്ലിനിനിന്നെഞാൻ!
ആരുമില്ലാത്തുള്ളടിക്കിൽ ചോരണങ്ങൾഫലിച്ചിടും,
വീരരുടെമുമ്പിലിതു വിപത്തുണ്ടാക്കും!
ശൂരനായജരാസന്ധൻ പാരിലെങ്ങുമിരുത്താഞ്ഞു
വാരിരാശിനടുക്കല്ലേ വസിക്കുന്നുനീ?
തക്കമുണ്ടിന്നെന്നുറച്ചു കക്കുവാനായിറങ്ങിയ
തസ്കരശകുനമിന്നു പിഴച്ചുപോയി!
എന്നുകേട്ടു, തേർതിരിച്ചുനിന്നു ചൊന്നാൻഭഗവാനും,
വന്നുകൊൾവിൻപടയ്ക്കെങ്കിൽക്ഷിതിപന്മാരേ!
പാരിടത്തിലെങ്ങാനൊരു വീരനുണ്ടെന്നാകിലിന്നു
നേരിടുവിൻവീരവാദം പത്തുകെട്ടോകാം!
വീരരായയദുക്കളും, ഭൂരമണന്മാരുംതമ്മിൽ
ഘോരമായജന്യത്തിന്നായെതിൎത്തുവേഗാൽ.
ദന്തവക്ത്രശിശുപാലർ, ചെന്താമരക്കണ്ണനോടും;

ഹന്ത, ഹലായുധനോടു ജരാസന്ധനും!
വില്ലെടുത്തുകുലകേററിബ്ഭല്ലജാലംപൊഴിച്ചവർ
തെല്ലുനേരംപടയാടി,യരിശംകൂടി,
ഭിക്കടിച്ചുപുറപ്പെട്ടോരുൽക്കടപ്പടകളുടെ
മുഷ്ടടിച്ചുരണംഘോരം പ്രവൃദ്ധമായി!
അന്തകദൂതക്കുപത്മബന്ധുകരമേററിടാതെ
പന്തലിട്ടുവില്ലാളികൾ ശരനിരയാൽ
ഘോഷബാലകൻെറ വില്ലിൻഭാഷചക്രാകൃതിയായി,
രോഷരൂഷിതമാം മൃത്യുഭ്രൂകുടിപോലെ!
യാദവവർഗ്ഗങ്ങൾ യുദ്ധപൂതനനാക്കുകൾപോലെ
നൂതനാസ്രമൊലിച്ചേറെച്ചുമന്നുവന്നു!
ചത്തുവീണബഹുജനം ഹസ്തികളു,മശ്വങ്ങളും,
രക്തനദീപ്രവാഹവുമുടൻതുടങ്ങി!
യുദ്ധഭൂമിചളിയായി, നൃത്തമാടികബന്ധങ്ങൾ,
പത്തികൾക്കരണത്തിങ്കൽഗതികുറഞ്ഞു.
കണ്ണുതുറിച്ചങ്ങുമെഷ്മെണ്ഡനങ്ങൾപാടിയുള്ള
തുണ്ഡഖണ്ഡമൊലിച്ചു, ശോണിതനദിയിൽ.
നാനാനരപാലരുടെ സേനകളുംമിക്കവാറും
വാനണഞ്ഞു, പൂതനകൾഭുവിനിറഞ്ഞു.!
മൃത്യുവിനുംഭയങ്കരം, യുദ്ധമിതുകണ്ടനേരം
പൃഥ്വീവരന്മാരൊക്കെയും തിരിച്ചുമണ്ടി!
മഗധനുംഭയപ്പെട്ടു വേഗമോടുപുരംനോക്കി
ആഗതനായ്, മൃതശിഷ്ടപ്പടകളോടും.
മാധവൻെറ ശരവർഷബാധയാലെ ശിശുപാലൻ!

ആധിയോടും, ഭീതിയോടുമൊളിച്ചുമണ്ടി!
ചത്തുശേഷിച്ചുള്ളചില പത്തികളുമഞ്ചുമിങ്ങും
പ്രസ്ഥിതരായ്, ദന്തവക്ത്രക്ഷിതിപനോടി.
പോരിനാരെങ്കിലുമിനിദ്ധീരരുണ്ടെന്നാകി,ലുടൻ
ചാരവെവരുവിനെന്നാൻപരൻപുരുഷൻ!
ഭൂപസഭതന്നിൽച്ചെന്നുകോപമോടുരുഗ്മിയപ്പോൾ
ദീപധാന്യഗേഹംതൊട്ടു, പറഞ്ഞീടിനാൻ!
കൂടകമ്മാവായയദുകീടനുടെമാർവ്വിടത്തെ
പാടനംചെയ്തഹം യദുപ്പടയൊടുക്കി,
സോദരിയെക്കൊണ്ടുവന്നു ചേദിപന്നുകൊടുക്കാതെ
വാദമില്ല, കുണ്ഡിനത്തിൽക്കടക്കയില്ല.
സത്യമിതു, സത്യമിതു, സത്യമിതെ,ന്നോതിനിജ
ഭൃത്യരോടുമൊരുമിച്ചുപടയ്ക്കിറങ്ങി!!
ഊക്കനൊനച്ചോരകുടിച്ചാക്കും ഹരിപുംഗവൻെറ
നേക്കു,പോക്കുപോക്കുടെക്കുന്നതിൻപ്രകാരം.
മൂർഖനായരുഗ്മിചെന്നു പോക്കുളത്തെപ്രവേശിച്ചു
ദീർഘബാഹുതന്നോടായിപ്പറഞ്ഞാനേവം:—
സോദരിയെവിട്ടുപോകയാദവ! നിന്നപരാധ-
മേതുമെഞാനറിഞ്ഞെന്നു വരുത്തിടേണ്ട!
അമ്മാമനല്ലിതുകൃഷ്ണ! ദുർമ്മാനുഷന്മാരിൽമമ
അമ്മയാണു, കനിവില്ലുലവലേശവും!
ദക്ഷിണാശാപതിയ്ക്കുഞാൻ ദക്ഷിണകൊടുക്കുംനിന്നെ,
ഇക്ഷണമെൻഭഗിനിയെ ത്യജിച്ചില്ലെന്നാൽ.
സ്യാലനുടെവാക്കീവണ്ണം നീലവർണ്ണൻകേട്ടുചൊന്നാൻ

സ്ഥൂലബലരാശെ! നിന്നെത്തിരയുന്നേൻഞാൻ!
ധൎമ്മശീലനല്ലോഭവാൻ, ദുൎമ്മതിയെശ്ശിക്ഷിയ്ക്കാഞ്ഞാൽ
മൎമ്മശല്യംനാട്ടുകാൎക്കു നശിയ്ക്കയില്ല.
ചേദിപന്നുകൊട്ടപ്പതി ന്നാദരേണനിശ്ചയിച്ച
സോദരിയെബ്ബലമായിഹരിച്ചീടുന്നേൻ.
എന്മദത്തെനശിപ്പിച്ചിപ്പെണ്മണിയെക്കൊണ്ടുപോയ
നിന്മനസ്സിലെഴുംശല്യം സമുദ്ധരിയ്ക്കു!
എന്നുകേട്ടു, രുഗ്മിശരപന്നഗപ്രകാരംകൊണ്ടു
നന്ദജന്റെരഥമേററംമറച്ചുചെമ്മെ.
മല്ലവൈരിരുഗ്മിയുടെ ഭല്ലമെല്ലാംകളിയായി
വില്ലുകൊണ്ടുതല്ലിയുടൻതിരിച്ചയച്ചാൻ.
താപസരിലയച്ചുള്ളോ രാഭിചാരമൂൎത്തിപോലെ,
വ്യാപരിച്ചുനിജശസ്ത്രനികരംതങ്കൽ!
ഹസ്തിപത്തിവാജികളാൽ മൃത്യുവരുത്തുന്നതന്റെ
ശസ്ത്രജാലമതുകണ്ടു കയൎത്തുരുഗ്മി,
അവ്യയന്റെനേൎക്കുപല ദിവ്യശസ്ത്രംപ്രയോഗിച്ചാൻ
ഹവ്യവാഹാസ്ത്രത്താലതു മുടിച്ചുകൃഷ്ണൻ!
തെല്ലുനേരംപോരാടിച്ചു, മല്ലവൈരിരുഗ്മിയുടെ
വില്ലറുത്തു, സാരഥിതൻകഴുത്തറുത്തു,
തേരുംകുതിരയുമെല്ലാം തീരുമാനംനശിപ്പിച്ചു,
പാരുവാഹനമായിട്ടു ഭവിച്ചിതപ്പോൾ!
കാളുംക്രുദ്ധാരുഗ്മിനല്ലവാളും പരിചയുമേന്തി,
നാളീകാക്ഷൻതന്റെനേരെയടുത്തനേരം;
കോപമോടുവാളെടുത്തു ഗോപസുതൻതാനുംചെന്നു

പാപനാകുംരുഗ്മിതന്നെപ്പിടിച്ചുകെട്ടി;
കണ്ണമറുത്തീടുവാനാക്കൊണ്ടൽവൎണ്ണൻ തുനിഞ്ഞപ്പോൾ,
കണ്ടുവന്നു, രുഗ്മിണിയുംകരഞ്ഞുചൊന്നാൾ!
കൊല്ലരുതെ, കൊല്ലരുതെ, വല്ലഭ! നീ സോദരനെ,
വല്ലവേന്ദ്രസുത! മയികൃപചെയ്താലും!
അത്രഭവാനൊരുനാളും മിത്രവധംചെയ്തിടൊല്ലേ;
ശത്രുവെന്നദിക്കതന്നെ ഭവിച്ചെന്നാലും!
ആശ്രിതയായിരിക്കുമീയടിയനിൽ വാത്സല്യത്താൽ
ശാശ്വതപ്രതാപ! പിഴപൊറുത്തിടേണം!
അപ്രമേയമഹിമാവാം, സ്വപ്രിയഭാഷിതംകേട്ടു
സുപ്രസന്നനായിനിന്നു നിനച്ചാനേവം:—
ഇന്നിവൻെറമദഭാരം നിന്നിടേണമെന്നുവന്നാൽ
ഒന്നുംചെയ്യാതിരുന്നീടിൽ മതിയാകില്ല;
കൃഷ്ണസാരൂപ്യജ്വരത്തിങ്കൽ കച്ചതാംകഷായത്തെ
നിശ്ചയിക്കുമാറുണ്ടോപനിശമിച്ചീടുന്നു?
മിത്രസന്നിധിയിലിവൻ സത്രപനായണയുവാൻ
ഇത്രമാത്രംചെയ്കയെന്നുനിനച്ചുറച്ചു,
കേശങ്ങളുമവനുടെ മീശയുംചിരച്ചുപാരം
ക്ലേശമേകി;യതുകാലംഹലായുധനും
കെട്ടഴിച്ചുരുഗ്മിതന്നെ വിട്ടയച്ചു, പിന്നെ രാമൻ
വിഷ്ടപച്ചുമടനോടീവിധമുരച്ചു:-
സ്യാലനണ്ണനായീടുന്നു നാലുവൎണ്ണങ്ങൾക്കമിന്നു
നീലവൎണ്ണ! നിൻെറകൎമ്മം കടന്നുപോയി!
മൎത്ത്യനിന്നുവിരൂപതാം മൃത്യുവിന്നുശരിയല്ലോ!

ശത്രുവിന്നുംകുലയുണ്ടോ കുലയ്ക്കുമേലെ?
ബന്ധുവിങ്കലപരാധ മെന്നുതന്നെ,കണ്ടീടിലും
പന്തിയല്ല, വെടികയിലധികമായാൽ!
മംഗളാംഗിയോടുയുദ്ധ രംഗമതിൽവെച്ചുതന്നെ
ഭംഗിയോടുമരുൾചെയ്തു മുസലപാണി.
അംഗനാകുലരത്നമേ! ഞങ്ങളിലേതുമെതവ
തിങ്ങിടൊല്ലെ പരിഭവമിതുനിമിത്തം.
മററൊരുത്തന്റെദോഷം പറകയില്ലൊരുവന്നും
മുറമാത്മകൃത്യംതന്റെ രിപുമിത്രങ്ങൾ!
ദുഷ്കർമ്മത്തെച്ചെയ്തിരുന്നാൽ ദുഃഖമാകുമനുഭവം;
സൽക്കർമ്മങ്ങൾസുഖത്തിന്നും നിമിത്തമാകും!
കർമ്മഫലമെന്നായാലും, നമ്മളനുഭവിയ്ക്കേണം
ശർമ്മദുഃഖാദികൾവൃഥാ ഭവിയ്ക്കയില്ലാ.
എന്നുരച്ചുയദുക്കളും, നന്ദസുതൻതാനും, രാജ-
നന്ദിനിയും, താനുംതന്റെ വരൂഥിനിയും,
ദ്വാരാവതിപുരത്തിന്റെ നേരെയുള്ളവഴിചേന്നു
തേരുമങ്ങുതെരുതെരെ നടത്തീടിനാൻ!

*　　*　　*

സംഗരംകഴിഞ്ഞുരുഗ്മി, യംഗഭംഗികരകയാൽ
മുങ്ങിമുങ്ങിമനോരാജ്യപ്പെരുങ്കടലിൽ.
കഷ്ടമെനിയ്ക്കിപ്രകാരം നിഷ്ഠുരമാംഗ്രഹപ്പിഴ
പെട്ടുവെല്ലൊചേദിപനിൽ പ്രണയംമൂലം!
എങ്ങിനെഞാനിനിമേലിൽ ച്ചെങ്ങാതിമാരുടെനേരെ
അങ്ങുചെന്നാൽനോക്കീടേണ്ടു,ചതിച്ചുകാലം!

ചേദിപന്നും, മാഗധന്നും, മേദിനീശരേവരുമീ-
യാദവന്മാരോട്ടു തോററതറിഞ്ഞിരിയ്ക്കേ;
കേശവനോടെതിർത്തതു മോശമായി, നാശമായി,
മിശപോയി, കേശവുമിപ്രകാരമായി!
ഇഷ്ടയായരുഗ്മിണിതൻ ദൃഷ്ടിയിൽരപ്പെട്ടതുമൂലം
വെട്ടുകൊണ്ടുമറിഞ്ഞില്ല കഴുത്തുമാത്രം!
കന്യകയെക്കൊട്ടുക്കുവാൻ ധന്യരെത്തിരഞ്ഞകാലം
ഭിന്നമതരായിഞ്ഞാന്നും ജനകാദിയും!
അച്ഛനുഞ്ഞാനഹിതമായുച്ചരിച്ചതൊന്നുമാത്രം
മിച്ചമായി, കാര്യമവർന്നിനച്ചതായി!
പ്രാണശേഷനേവം രുഗ്മിനാണമോട്ടംപുരദ്വാരി
കേണുചെന്നു; ജരാസന്ധൻ പറഞ്ഞാനപ്പോൾ:
കല്യബുദ്ധേ! ഭവാനിന്നുതെല്ലുപോലുംഖേദിയ്ക്കേണ്ട
നല്ലകാലമവക്കെന്നെ പറവാനുള്ളു.
പോരടിച്ചുപതിനേഴുവാരമഹംകൃഷ്ണനോട്ടു
രുീരുമാനംതോററു, പിന്നീടൊരുദിവസം,
ചെന്നുപടയോട്ടമഹ,മന്നു കൃഷ്ണൻതോററുമണ്ടി
എന്നതുകൊണ്ടൊഴിയ്ക്കൊല്ലമടങ്ങിയാലും!
ബാലരോടും, സംഗരത്തിൽ ശീലമില്ലാത്തവരോടും,
കാലദോഷംകൊണ്ടുതോല്ക്കും ബലവാന്മാരും!
നല്ലകാലംഭവിച്ചീടി ലെല്ലാവക്കുംജയംതന്നെ;
തെല്ലുപോലുമതിലൊന്നുംനിനപ്പാനില്ലാ.
എന്നുരച്ചു; രുഗ്മിയെക്കൊണ്ടന്യപുരത്തിങ്കലാക്കി
മന്നവന്മാർതൻെറതൻെറ പുരംപ്രാപിച്ചാർ!

* * *

കണ്ണൻതാനും, രുഗ്മിണിയും, മണ്ണൻതാനും, യദുക്കളും,
    അണ്ണവാന്തർദ്വീപിണഞ്ഞു കുശസ്ഥലിയിൽ.
കന്യകയെനന്മക്കൂട്ടമന്യഗൃഹത്തിങ്കലാക്കി,
    മന്നവന്മാൎക്കെല്ലാം രാമനെഴുത്തയച്ചാൻ.
വൃത്രഹരപുരത്തിലും ചിത്രതരമാകുംപുരം
    എത്രയുമലങ്കരിച്ചു കുതുകംമൂലം!
ദ്വാരങ്ങൾക്കുനേരെയെല്ലാം തോരണമാലകൾതൂക്കി
    നിരാളങ്ങൾവിതാനിച്ചു പുരംമുഴുവൻ.
ഉത്ഥിതപരിമളമാമുത്തമകുസുമംകൊണ്ടു
    രത്ഥ്യചത്വാരാദികളുമലങ്കരിച്ചു.
നാട്ടിപഴവാഴകുലനാട്ടുവഴികളിലെല്ലാം.
    നാട്യവിദ്യവിദഗ്ദ്ധരെവരുത്തീടിനാൻ.
അന്തരായംവിനാമോദാ ലന്ധരായിദ്വാരകയിൽ
    ബന്ധുരാജകുലങ്ങളു മണഞ്ഞാരന്നാൾ.
അന്നദാനംധനദാന മന്യദാനങ്ങളുമെല്ലാം
    അന്നഗതിമണിചെന്നമുതൽക്കുതന്നെ,
നിത്യമായിചെയ്തു, നല്ലോരുത്തമമാംമുഹൂർത്തത്തിൽ
    കൃത്യമെല്ലാമനുഷ്ഠിച്ചു വിധിച്ചവണ്ണം.
വീതിഹോത്രസാക്ഷിയായി, പൂതമായമന്ത്രപൂർവ്വം
    പീതചേലൻരുഗ്മിണിയെ വിവാഹംചെയ്തു!
നാനാവിധനൃത്തവാദ്യ ഗാനഘോഷത്തോടുംകൂടി
    മാനമേറുംമാനവേന്ദ്രകുലങ്ങളോടും,
അഷ്ടമംഗല്യങ്ങൾ, മണിവെട്ട മിവവഹിച്ചുള്ള
    പുഷ്ടഭൂഷാവരയോഷാനികരത്തോടും,

പൊന്മയമാം രഥത്തിങ്കൽ പെണ്മണിയും, താനുമേറി
നിർമ്മലമായുള്ള നല്ലവഴിയിൽക്കൂടി,
മുന്നിലകം പിടിയോടും പിന്നിൽവന്ദികുലത്തോടും,
ഇന്നവിധമെന്നില്ലാത്ത വിലാസത്തോടും,
വിഷ്ടപത്രയാധിനാഥപ്പട്ടമേന്തും ദമ്പതിമാർ
പട്ടണപ്രവേശംചെയ്തു കുതുകത്തോടും!
പൊന്മാളികകളിൽനിന്നു പെണ്മാലികകുലം തൂകും
നന്മലർമഴകളേററു മനം കുളുത്തു,
സാവധാനം നഗരത്തി ന്നാവിധത്തിൽവലംവച്ചു
ദേവരാജദുർല്ലഭമാം പുരമണഞ്ഞാർ!
ആഭരണംമുതലായി പ്രാഭൃതങ്ങളേകീടിനാർ
പ്രാഭവത്തിന്നൊത്തവണ്ണം കുടിയ്യെല്ലാരും.
ഭൂതലാധിപതികളും, ജ്ഞാതികളും, ബന്ധുക്കളും,
പ്രീതരായിവാണുചിരം കുശസ്ഥലിയിൽ.
വേളിയ്ക്കുവന്നവിടത്തിൽ മേളിച്ചെല്ലാവരുമൊട്ടു-
നാളുചെന്നസമയത്തു പിരിഞ്ഞുമന്ദം.
കണ്ണനൊന്നാം വിവാഹമീവണ്ണമനുകഴിച്ചിട്ടു
അണ്ണവാന്തന്നഗരത്തിൽ സുഖംവസിച്ചാൻ!
ഇച്ചരിതം ദിനംതോറു മുച്ചരിയ്ക്കും ജനത്തിന്നു
ഇഷ്ടമെല്ലാം ലഭിച്ചീടും പ്രയത്നിയ്ക്കാതെ!
വിദ്യയുണ്ടായ്വരും ധർമ്മപഥ്യതന്നിൽച്ചരിച്ചീടും,
ഹൃദ്യമായവചസ്സിദ്ധിവിശേഷിച്ചുണ്ടാം!
കീർത്തിയുണ്ടാം, മാനത്തിൻറ[illegible] ജയമുണ്ടാം
ആർത്തിനീങ്ങു മവന[illegible]
ഇഷ്ടദാരങ്ങളെകൊണ്ടു[illegible]

MUL
221914

പുഷ്ടിശോഭാബലാദികളുടലിനുണ്ടാം!
വീൎയ്യധൈൎയ്യാദികളുണ്ടാം,മാൎയ്യമാകുമറിവുണ്ടാം,
കാൎയ്യാകാൎയ്യവിചാരത്തിൽപടുതയുണ്ടാം!
ഇഷ്ടസന്താനങ്ങളുണ്ടാം,മഷ്ടസിദ്ധികളുമുണ്ടാം,
വിഷ്ടരശ്രവസ്സിലതിരതിയുമുണ്ടാം!
അനഘമിക്കഥാഭാഗം കന്യകമാർഗാനംചെയ്താൽ
ധന്യനായപതിയുണ്ടാം,സുതന്മാരുണ്ടാം!
പക്ഷിവാഹക്ഷേത്രത്തിങ്കൽപക്ഷമിതുപാടിടുകിൽ
രക്ഷകിട്ടുമേതുഘോരവിപത്തിങ്കലും!!

ശുഭമസ്തു.

UNIVERSITY LIBRARY MADRAS
MUL
221914